# 9
# പുതിയ നിയമത്തിന്റെ ശ്രേഷ്ഠത
# (9:1- 28)

### സമാധാനകൂടാരത്തിൽ നിന്നുള്ള പാഠങ്ങൾ
### (9:1-10)

സുവിശേഷം നാം മനസ്സിലാക്കുമ്പോൾ, ക്രിസ്തുവിലേക്കു നമ്മെ നടത്തുന്ന ന്യായപ്രമാണത്തിന്റെ വില നാം തിരിച്ചറിഞ്ഞ് അഭിനന്ദിക്കും (ഗലാ. 3:24). എബ്രായലേഖകൻ സദസ്യരെ മരുഭൂമിയിലെ സമാഗമന കൂടാര കാലഘട്ടത്തിലേക്ക് തിരിച്ച് കൊണ്ടു പോകുകയാണ്. ദൈവം മോശെയോട് പറഞ്ഞു, “ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കേണം” (പുറ. 25:8). ദൈവം ആരംഭത്തിൽ രൂപപ്പെടുത്തി നിയോഗിച്ച ഘടനയെയാണ് വേദഭാഗം ശ്രദ്ധിക്കുന്നത്. ഒന്നാം നൂറ്റാണ്ടിലെ ഹെരോദാവിന്റെ ആലയത്തെ കുറിച്ച് സാധാരണ ഇത് പറയുവാൻ കഴിയുകയില്ല. വാസ്തവത്തിൽ ചില യെഹൂദന്മാർ ഏദോമ്യനായ ഇടപ്രഭുവിനെ അത് പണിയുന്നതിൽ നിരാകരിച്ചിരുന്നു. യേശുവിന്റെ ശിഷ്യന്മാർ എങ്ങനെയായാലും അതിന് മഹത്വം കൊടുത്തു എന്നു തോന്നുന്നു (മർ. 13:1). ഇന്ന് ക്രിസ്ത്യാനികളും പഴയ നിയമത്തിന് മഹത്വം കൊടുക്കുന്നവരാണ്, അതിന് പകരം പുതിയത് നല്കിയിരിക്കുന്നു എന്ന് നമുക്ക് അറിയാം. ദൈവാലയവും അതിന്റെ പൂർവ്വികത്വവും സ്വർഗ്ഗത്തിലെ അതിവിശുദ്ധ സ്ഥലത്തിന്റെ ചിത്രമായിരുന്നു. സത്യാരാധനയുടെ നിഴൽ മാത്രമായിരുന്നു ദൈവാലയ ചടങ്ങുകൾ. യഹൂദ ക്രിസ്ത്യാനികൾക്ക്, അവരുടെ പഴയ നിയമ ആചാരങ്ങൾ വിട്ടുകളഞ്ഞ് ആത്മീയമായി സ്വർഗ്ഗീയ ആലയത്തിലേക്ക് പ്രവേശിക്കുവാനാണ് ഈ ലേഖനം എഴുതിയത്, അവർക്ക് അപ്പോൾ ദൈവസിംഹാസനത്തിലേക്ക് നേരിട്ട് പ്രവേശിക്കാം. പഴയനിയമ കാലത്ത് അവർക്ക് അതിന് സാധിക്കുമായിരുന്നില്ല (4:15, 16).

പുതിയ നിയമത്തിലെ ശ്രേഷ്ഠമായ ഉപകാരങ്ങൾ ഏതൊരു യഹൂദനും ബോധ്യമാകുന്ന വസ്തുതയാണ്. പഴയനിയമ ചിഹ്നങ്ങൾ എല്ലാം തങ്കത്തിൽ പൊതിഞ്ഞവയായിരുന്നു-എന്നാൽ നിത്യമായി വിലയുള്ള ആത്മീയ “സ്വർണ്ണത്തെ” ലേഖകൻ വെളിപ്പെടുത്തുന്നു. സമാഗമന കൂടാരത്തിലെ സ്വർണ്ണം-പൂശിയ ഉപകരണങ്ങളും പാത്രങ്ങളും നോക്കിയാൽ അതിനേക്കാൾ പ്രാധാന്യം സമാഗമന കൂടാരത്തിന് ഉണ്ടെന്ന് തോന്നുന്നു. പുതിയ നിയമ ക്രിസ്ത്യാനികൾക്ക്, ദൈവം സഭ എന്ന ഒരൊറ്റ സ്ഥാനം അവന് വസിപ്പാനായി നല്കിയിരിക്കുന്നത് മനസ്സിലാക്കുമ്പോൾ (എഫെ. 2:20, 21 നോക്കുക). അവങ്കലേക്ക് നമുക്ക് ധൈര്യത്തോടെ പ്രവേശിക്കാം. പിന്നെ അവന്റെ പദ്ധതി അനുസരിച്ചുള്ള അവന്റെ പ്രവർത്തനങ്ങളും മനസ്സിലാക്കി അവനോട് കൂടുതൽ അടുത്തു ചെല്ലാം.

നമ്മുടെ ശ്രേഷ്ഠയാഗമായി തീർന്ന യേശുവാണ് 9:1-10:18 ൽ നിറഞ്ഞു നില്ക്കുന്നതു. എബ്രായ ലേഖനത്തിലെ മുഖ്യ വാക്കുകൾ ഗ്രീക്കിൽ വീണ്ടും

വീണ്ടും വരുന്നു:

"നൽകുക (*പ്രോസ്ഫെരോ*); 8:3, 4; 9:7, 9, 14, 25, 28; 10:1, 2, 8, 11, 12.
"നൽകൽ" (*പ്രോസ്ഫോരാ*); 10:5, 8, 10, 14, 18.
"യാഗം" (*തുസിയാ*); 8:3; 9:9, 23, 26; 10:1, 5, 8, 11, 12.
"നിയമം" (*ഡയാതെകെ*); 8:6, 8, 9, 10; 9:4, 15, 16, 17, 20; 10:16.
"രക്തം" (*ഹായിമാ*); 9:7, 12, 13, 14, 18, 19, 20, 21, 22, 25; 10:4.
"പാപം" (*ഹമർടിയാ*); 8:12; 9:26, 28; 10:2, 3, 4, 6, 11, 12, 17, 18.

**വിശുദ്ധ സ്ഥലവും അതിലെ ഉപകരണങ്ങളും (9:1, 2)**

**[1]എന്നാൽ ആദ്യ നിയമത്തിനും ആരാധനയ്ക്കുള്ള ചട്ടങ്ങളും ലൗകികമായ വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു. [2]ഒരു കൂടാരം ചമച്ചു; അതിന്റെ ആദ്യഭാഗത്തു നിലവിളക്കും മേശയും കാഴ്ചയപ്പവും ഉണ്ടായിരുന്നു.**

**വാക്യം 1.** "കൂടുതൽ വിശേഷതയുള്ള ശുശ്രൂഷയെ" കുറിച്ചാണ് ലേഖകൻ 8:6 ൽ പറഞ്ഞത്, എന്നാൽ ഇവിടെ അവൻ കൂടുതൽ വിശാദാംശങ്ങളിലേക്ക് കടക്കുകയാണ്. ആദ്യ നിയമത്തിൽ **ദൈവിക ആരാധനയെയും** ("ദൈവിക ശുശ്രൂഷ"; എൻകെജെവി; "ആരാധനക്കുള്ള നിയന്ത്രണങ്ങളും"; ആർഎസ്വി) ഉൾപ്പെട്ടിരുന്നു. **ഇരുന്നു** എന്ന വാക്ക് ശ്രദ്ധിക്കുക: ആ നിയന്ത്രണങ്ങൾ മത്തായി 5:17, 18 ൽ പ്രവചിച്ചതുപോലെ, ക്രിസ്തുവിന്റെ ക്രൂശിൽ നീക്കി കളഞ്ഞിരുന്നു (എഫെ. 2:14–16 ഉം കൊലൊ. 2:14–17 ഉം നോക്കുക). കൂടാതെ ഏ. ഡി. ഒന്നാം നുറ്റാണ്ടിൽ സമാഗമന കൂടാരവും ഇല്ലാതായിരുന്നു. നാദാബിന്റേയും അബീഹൂവിന്റേയും (ലേവ്യാ. 10:1–3), ഉസായുടേയും (2 ശമു. 6:6, 7) മരണ ശേഷം, ന്യായപ്രമാണത്തിലെ ആരാധനാ നിയന്ത്രണങ്ങൾ കർശനമായിട്ടായിരുന്നു പാലിച്ചിരുന്നത്. എല്ലാം പണിതതും ചെയ്തതും "മാതൃകയനുസരിച്ച്" ആയിരുന്നു (എബ്രാ. 8:5). പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പാട് 25–40 ൽ കാണാം. സ്വാഭാവികമായും ലേഖകൻ ആദ്യ മാതൃകയിലേക്കാണ് വരുന്നത്. പിന്നീട് ദൈവാലയങ്ങൾ പ്രത്യേകിച്ച്-സെരുബ്ബാബേലിന്റെയും ഹെരോദാവിന്റെയും കാലത്ത് പണിതവ- ദൈവിക മാതൃകയനുസരിച്ചുള്ളവ ആയിരുന്നില്ല എന്നാണ് ചില യെഹൂദന്മാർ വിശ്വസിച്ചിരുന്നത്. സമാഗമനകൂടാരത്തിനുള്ള ദൈവത്തിന്റെ ആദ്യ പദ്ധതിയെ ഒരു യെഹൂദനും എതിർക്കുകയില്ല.

അധികൃത നിയമങ്ങൾ ഭൗതികമായിരുന്നു, കാരണം അത് **ഭൂമിയിലെ വിശുദ്ധ സ്ഥലത്തിന്** ഉള്ളതായിരുന്നു. പഴയ നിയമം "ഭൗമികം" അല്ലെങ്കിൽ "ലൗകികം" എന്നു പറയുമ്പോൾ, അത് "ലോകത്തെ സ്നേഹിക്കുന്ന വിധത്തിൽ" (യാക്കൊ. 4:4) ദൈവേഷ്ടത്തിനു വിരുദ്ധമായിരുന്നു എന്നു കരുതരുത്. ഈ സന്ദർഭത്തിൽ "സ്വർഗീയം" എന്നു പറയുന്നതിന്റെ വിപരീതമാണ് "ഭൗമികം" (8:5). ഭൂമിയിലുള്ളതെല്ലാം സ്വർഗത്തിന്റെ നിഴലാണ്, സ്വർഗത്തിന്റെ സാദൃശമാണ് സഭയും, അവ യാഥാർത്ഥ്യമായി നിറവേറുന്നത് സ്വർഗത്തിലാണ്. ആലയമല്ല, സമാഗമനകൂടാരത്തെയാണ് ഇവിടെ ചർച്ച ചെയ്യുന്നത്, കാരണം അതായിരുന്നു ആദ്യം ദൈവം കൊടുത്ത ഘടനാ മാതൃക, ദൈവാ

ലയം അതിന്റെ പകർപ്പായി പിന്നെ പണിതതാണ്.

“സാങ്ച്വറി” എന്നത് “വിശുദ്ധ സ്ഥലമാണ്”, അതിലെ രണ്ട് ഭാഗങ്ങളെയും ഉൾപ്പെടുത്തി സമാഗമന കൂടാരത്തെ മൊത്തത്തിൽ പറയുന്നത് ആണ് അത്. അത് നൽകിയ കാലഘട്ടത്തിൽ അതിനേക്കാൾ വിശുദ്ധമായ മറ്റൊന്ന് ഇല്ലായിരുന്നു. സഭാ മന്ദിരം ഒരു “സാങ്ച്വറി” അല്ല. ഭൗതിക മന്ദിരം അല്ല, മറിച്ച് കൈതൊടാതെ പണിത “വിശുദ്ധ” സഭയുടെ കൂടി വരവാണ്.

**വാക്യം 2.** രണ്ട് മുറികളുള്ള **സമാഗമന കൂടാരവും** അതിലെ അലങ്കാരങ്ങളും പറഞ്ഞു തുടങ്ങുന്നത് ഈ വാക്യത്തിലാണ്. **പുറത്തുള്ള ഒന്നാമത്തെ** മുറി **വിശുദ്ധ സ്ഥലം** എന്നാണ് അറിയപ്പെട്ടിരുന്നത്. അതിനകത്ത് സ്വർണ്ണം കൊണ്ടുള്ള ഒരു **നിലവിളക്ക്** ഉണ്ടായിരുന്നു (പുറ. 25:31–40; 37:17–24). ഒരു തൂണിൽ ആറ് ശിഖരങ്ങളുള്ളതായ നിലവിളക്ക് കട്ടിയായ സ്വർണ്ണത്തിൽ തീർത്തതായിരുന്നു. സമാഗമന കൂടാരത്തിലെ നിലവിളക്ക് സഭയുടെ മുൻ സാദൃശമായിരുന്നേക്കാം, ലോകത്തിൽ സുവിശേഷത്തിന്റെ പ്രകാശം വ്യാപിപ്പിക്കുന്നത് സഭയാണ്. ഓരോ ഇടവകയും സുവിശേഷം വ്യാപിപ്പിക്കണം. അതുപോലെ എല്ലാ ക്രിസ്ത്യാനികളും വെളിച്ചമായി ശോഭിക്കണം (മത്താ. 5:14–16). സെഖര്യാവ് 4:1–6 ൽ, പ്രവാചകൻ ഒരു മെഴുക് തിരിയുടെ ദർശനം കാണിച്ച്, ദൂതൻ അവനോട് പറഞ്ഞു, “ഇത് യഹോവയുടെ അരുളപ്പാട് ...” വിളക്കിലെ എണ്ണ ഒരുപക്ഷെ സഭയിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെയായിരിക്കാം ഉദ്ദേശിക്കുന്നത്.[2]

അടുത്തതായി പറയുന്ന വസ്തുക്കൾ **മേശയും വിശുദ്ധ അപ്പവും** ആണ് (“കാഴ്ച്ചഅപ്പം; എൻഐവി). മേശമേൽ പന്ത്രണ്ട് അപ്പം വെക്കും-യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ ഓരോന്നിന് ഓരോ അപ്പം (പൗരോഹിത്യ ഗോത്രമായ ലേവിയെ ഉൾപ്പെടുത്താതെ എഫ്രയിമും മനേശെയും എണ്ണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു). കാഴ്ച്ചയപ്പം വെക്കുവാനുള്ള മേശ എന്നാണ് മേശയെ വിളിച്ചിരുന്നത്. ദൈവത്തിന്റെ സാന്നിധ്യത്തിനടുത്തായി തിരശീലയുടെ സമീപമായിരുന്നു മേശ വെച്ചിരുന്നത് (ആർഎസ്‌വി; എൻഎസ്‌വി; ഈഎസ്‌വി എന്നിവയിൽ, “സാന്നിധ്യത്തിന്റെ അപ്പം” എന്നാണ്; എബ്രായ ഭാഷയിൽ അക്ഷരികമായി “മുഖത്തിന്റെ അപ്പം”[3] എന്നാണ്). ആറാറു വീതമുള്ള രണ്ട് നിരയായി അവ വെക്കും; അതിന്റെ ഓരോ വശത്തും കുന്തുരുക്കവും വെക്കും (ലേവ്യാ.24:5–9). ഒരാഴ്ച്ച പഴക്കം ചെല്ലുമ്പോൾ, ഓരോ ശബ്ബത്തിലും പുരോഹിതന്മാർ അവ തിന്നും.

**അതിവിശുദ്ധ സ്ഥലം (9:3–5)**

**[3]രണ്ടാം തിരശീലക്ക് പിന്നിലോ അതി വിശുദ്ധം എന്ന കൂടാരം ഉണ്ടായിരുന്നു. [4]അതിൽ പൊന്നുകൊണ്ടുള്ള ധുപകലശവും മുഴുവനും പൊന്നു പൊതിഞ്ഞ നിയമ പെട്ടകവും അതിനകത്ത് മന്ന ഇട്ടുവെച്ച പൊൻപാത്രവും അഹരോന്റെ തളിർത്ത വടിയും നിയമത്തിന്റെ കൽപലകകളും [5]അതിന്നു മീതെ കൃപാസനത്തെ മൂടുന്ന തേജസിന്റെ കെരൂബുകളും ഉണ്ടായിരുന്നു. അത് ഇപ്പോൾ ഓരോന്നായി വിവരിപ്പാൻ കഴിവില്ല.**

**വാക്യം 3.** ദൈവത്തെയും പാപിയായ മനുഷ്യനെയും തമ്മിൽ വേർതിരിക്കുന്നതായിരുന്നു രണ്ടാമത്തെ തിരശീല. അതുകൊണ്ട് ക്രിസ്തു മരിച്ചപ്പോൾ,

ദൈവാലയത്തിലെ തിരശീല മേൽ തൊട്ട് അടിവരെ കീറിയത് ദൈവേഷ്ടമായിരുന്നു (മത്താ. 27:51), അത് ദൈവത്തിലേക്ക് സമീപിക്കുവാനുള്ള വഴി തുറന്നതാണ്. ക്രിസ്തു മരിച്ചപ്പോൾ, ദൈവം തിരശീല കീറി അവനു അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുവാനുള്ള അവസരം ഒരുക്കിയത് സ്ഥിരീകരിച്ചു.[4] അത് എങ്ങനെ സംഭവിച്ചാലും, തിരശീല കീറിയത്, പിതാവിന്റെ സന്നിധിയിലേക്ക് പ്രവേശിക്കുവാനുള്ള ഏക വഴി യേശു ആണെന്ന് ഉറപ്പിക്കുകയായിരുന്നു (യോഹ. 14:6; എബ്രാ. 4:14–16).

**വാക്യം 4**. ലേഖകൻ ഉദ്ദേശിക്കുന്നത് **പൊന്നു കൊണ്ടുള്ള ധൂപ കലശം** വെക്കുന്നത് രണ്ടാം തിരശീലക്കകത്തായിട്ടാണെന്ന് തോന്നുന്നു. ഇത് പുറപ്പാട് 30:6–8 ൽ പറയുന്നതിന് വിപരീതമാണ്, അവിടെ ധൂപകലശം തിരശീലക്ക് മുൻപിൽ വെക്കുന്നതായിട്ടാണ് പറയുന്നത്. LXX ൽ പറയുന്നത് ഏതു യാഗപീഠമാണെന്ന് വ്യക്തമല്ല, അത് പുറപ്പാട് പുസ്തകത്തിൽ പറയുന്ന യാഗപീഠമാണെങ്കിൽ, എബ്രായ ലേഖകന്റെ മനസിൽ ഒരുപക്ഷെ പ്രായശ്ചിത്ത ദിവസമായിരിക്കാം ഉണ്ടായിരുന്നത്. ആ ദിവസം, ധൂപവർഗ കലശത്തിൽ അന്നു മുഴുവൻ അതിവിശുദ്ധ സ്ഥലത്ത് പുക ഉയർന്നുകൊണ്ടിരിക്കും. തിരശീല പുറകിലേക്ക് മാറ്റിയാൽ, അതിവിശുദ്ധ സ്ഥലത്തെ ധൂപവർഗ കലശം കാണാം.

**നിയമ പെട്ടകം** മുഴുവനും പൊന്നുകൊണ്ട് പൊതിഞ്ഞതായിരുന്നു, അതിന്ന് "കൃപാസനം" എന്നറിയപ്പെട്ട ഒരു മൂടിയും ഉണ്ടായിരുന്നു. ഈ കൃപാസനത്തിന്മേലായിരുന്നു ദൈവ സാന്നിധ്യ പ്രതിനിധാനമായിരുന്ന *ഷെക്കീനാ.*[5] ആർക്കാ എന്ന ലാറ്റിൻ വാക്കിൽനിന്നാണ് "പെട്ടകം" എന്ന വാക്ക് നമുക്ക് ലഭിക്കുന്നത്, അർത്ഥം, ''പെട്ടി'' എന്നാണ്. അതിൽ പത്തു കൽപനകൾ എഴുതപ്പെട്ട "കൽപലകകൾ" (അല്ലെങ്കിൽ ടാബ്ലെറ്റുകൾ) ഉൾപ്പെട്ടിരുന്നു.[6] ശലോമോന്റെ കാലത്ത് അതു മാത്രമായിരുന്നു അതിൽ ഉണ്ടായിരുന്നത്. കൽപലകകളുടേതു പോലെ നിയമപെട്ടകത്തിന്റേയും ശരിയായ സ്ഥാനം അജ്ഞാതമാണ്. നിയമ പെട്ടകത്തിൽ കൽപ്പലകകളല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നതായി 1 രാജാക്കന്മാർ 8:9 പറയുന്നില്ല. **പൊന്നുകൊണ്ടുള്ള ഒരു പാത്രം** നഷ്ടപ്പെടുന്നതുവരെ വളരെ കാലം നിയമപെട്ടകത്തിൽ ഉണ്ടായിരുന്നതായി അന്തർലീനമാക്കിയിരിക്കുന്നു. മരുഭൂമിയിൽ വെച്ച് ദൈവം യിസ്രായേലിന് ഭക്ഷിപ്പാൻ സ്വർഗത്തിൽ നിന്നു കൊടുത്ത **മന്ന**യായിരുന്നു ആ പാത്രത്തിൽ ഇട്ടു വെച്ചിരുന്നത്, അതു ഒരിക്കലും കേട് വന്നിരുന്നില്ല (പുറ. 16:32–34).[7] അഹരോന്റെ തളിർത്ത് പൂത്തുലഞ്ഞ് ഫലം കായ്ച്ചിരുന്ന ഒരു വടിയും അതിൽ ഉണ്ടായിരുന്നു (സംഖ്യാ. 17:1–11 നോക്കുക). യഹോവ അഹരോനെ മഹാപുരോഹിതൻ ആകുവാൻ തിരഞ്ഞെടുത്തു എന്നതിന്റെ അടയാളമായിന്നു തളിർത്ത വടി.

ബാബേൽ പ്രവാസകാലത്ത് നിയമ പെട്ടകം യിസ്രായേലിന് സ്പഷ്ടമായും നഷ്ടപ്പെട്ടിരുന്നു (ബി.സി. 586). അവസാനമായി അതിനെ കുറിച്ച് തിരുവെഴുത്തിൽ പറഞ്ഞത് 1 രാജാക്കന്മാർ 8:9 ൽ ആണ് (2 ദിന. 5:10). ബി. സി. 63 ൽ ദൈവത്തിന്റെ നിയമപെട്ടകം ഇരിക്കുന്ന സ്ഥാനത്തേക്ക് പോകുവാൻ നിർബന്ധിതനാകുകയും, അവിടെ ചെന്നപ്പോൾ റോമൻ ജെനറൽ ആയിരുന്ന പോംപ്സെയെ അതിശയിപ്പിച്ച് അവിടെ അത് കാണുവാനില്ലായിരുന്നു.[8] ആ പെട്ടകത്തിന്റെ സ്ഥാനത്ത്, അതിന്റെ അസാന്നിധ്യത്തെ അടയാളപ്പെടുത്തിയ കല്ല് "അടിസ്ഥാന കല്ല്" എന്ന് അറിയപ്പെടുന്നു.[9]

**വാക്യം 5. കൃപാസനത്തെ മൂടിയി**[രുന്ന] **കെരൂബുകളുടെ തേജസ്** (പുറ. 25:18–22; 37:7–9 നോക്കുക). അവ പൊന്നുകൊണ്ടുള്ള രണ്ട് ചിത്രങ്ങളായിരുന്നു, ഒരുപക്ഷെ അവ ദൈവസിംഹാസനത്തിനു ചുറ്റുമുള്ള ദൂതന്മാരെ പ്രതിനിധാനം ചെയ്യുന്ന അടയാളങ്ങളായിരുന്നേക്കാം. "കെരൂബുകളുടെ മധ്യേ അധിവസിക്കുന്ന" സാന്നിധ്യം എന്നാണ് 1 ശമുവേൽ 4:4 ൽ ദൈവത്തെ വിവരിച്ചിരിക്കുന്നത്. തന്റെ ഇഷ്ടപ്രകാരം ഏതൊരു ദിശയിലേക്കും ചലിക്കുന്നതിനുള്ള വാഹനമായിട്ടാണ് കെരൂബിനെ (ആലങ്കാരികമായി) ഉപയോഗിച്ചിരിക്കുന്നത് (യെഹെ. 10:10–14; 1:5–14 നോക്കുക). ശലോമോന്റെ ആലയത്തിൽ രണ്ട് വലിയ കെരൂബുകളെയായിരുന്നു നിർത്തിയിരുന്നത് (1 രാജാ. 6:23–27). ആ അലങ്കാരങ്ങൾ എന്തുകൊണ്ട് കൊത്തുപണി ചെയ്ത രൂപങ്ങളാക്കിയില്ല? അവ ഉയർന്ന അലങ്കാര പ്രകൃതം എന്നതായിരിക്കാം ഉത്തരം. അവ "മുകളിൽ സ്വർഗത്തിലെയോ അല്ലെങ്കിൽ താഴെ ഭൂമിയിലെയോ യാതൊന്നിന്റേയും യഥാർത്ഥത്തിലുള്ളതിന്റെ രൂപം ആയിരുന്നില്ല ..." (പുറ. 20:4; ആവ. 5:8). യഥാർത്ഥത്തിലുള്ള ഒന്നിനെ അലങ്കാരത്തിൽ മതിയായ വിധത്തിൽ പ്രകടിപ്പിക്കുക പ്രയാസമമാണ്.

പഴയ നിയമത്തിലെ "തേജസ്" മേഘത്തോടുകൂടെ വന്ന് സമാഗമനകൂടാരത്തിലെ കൃപാസനത്തിനു മുകളിൽ നിൽക്കുന്നത് ആലങ്കാരികമായി ദൈവസാന്നിധ്യത്തെയാണ് വെളിപ്പെടുത്തുന്നത്.[10] "കൃപാസനം" (*ഹിലാസ്റ്റെരിയോൻ*) അർത്ഥം "അനുരഞ്ജനം" അല്ലെങ്കിൽ "പ്രായശ്ചിത്തം"; രണ്ടാമത്തെ അർത്ഥം പാപമോചനവുമായി ബന്ധപ്പെട്ടതാണ്. "അനുരഞ്ജനം" "അനുകൂലമായി നിരപ്പിക്കുക" എന്നാണ് അർത്ഥം. "യേശുവിന്റെ രക്തത്തിൽ" ഉള്ള വിശ്വാസം മുഖാന്തരം ആളുകളെ നീതിമാന്മാരാക്കുവാൻ യേശുവിന്റെ രക്തത്തെ അനുവദിച്ചത് ദൈവത്തിന്റെ നീതിയാകുന്നു (റോമ. 3:25 നോക്കുക). അതുകൊണ്ട്, "മറെക്കൽ" അല്ലെങ്കിൽ "പാപക്ഷമാപണം" ആ വാക്കിൽ അന്തർലീനമാക്കിയിരുന്നു. അത് സൂചിപ്പിക്കുന്നത്, "വിശുദ്ധനായ ദൈവം, [അവൻ] പാപിയായ മനുഷ്യനെ കാണുകയും രക്ഷിക്കുകയും ചെയ്യുന്നു" എന്നാണ്.[11]

ആ കാര്യങ്ങളെ കുറിച്ച് ലേഖകൻ കൂടുതലായി സംസാരിക്കുവാൻ ഉദ്ദേശിച്ചില്ല. അവയെല്ലാം ഭൗമികവും നീങ്ങിപ്പോകുവാനിരിക്കുന്നവയും ആയിരുന്നു.

**പ്രായശ്ചിത്ത ദിവസം (9:6, 7)**

**[6]ഇവ ഇങ്ങനെ തീർന്ന ശേഷം പുരോഹിതന്മാർ നിത്യം മുൻകൂടാരത്തിൽ ചെന്നു ശുശ്രൂഷ കഴിക്കും. [7]രണ്ടാമത്തേതിലോ ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ മാത്രം ചെല്ലും; രക്തം കൂടാതെയല്ല; അത് തന്റെയും ജനത്തിന്റെയും അബദ്ധങ്ങൾക്ക് വേണ്ടി അർപ്പിക്കും.**

**വാക്യങ്ങൾ 6, 7. പുരോഹിതന്മാർ,** രാവിലെയും വൈകുന്നേരവും ധൂപം അർപ്പിക്കുന്നതിനും നിലവിളക്കിൽ എണ്ണ നിറക്കുന്നതിനും ശുശ്രൂഷക്കുമായി ദിവസവും ദൈവാലയത്തിൽ പ്രവേശിക്കുമായിരുന്നു (പുറ. 30:7, 8; ലേവ്യാ. 24:3, 4). വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ അവർക്ക് മാത്രമെ അനുവാദം ഉണ്ടായിരുന്നുള്ളു. സാധാരണ യെഹൂദന്മാരെ അവിടെ പ്രവേശിക്കുവാൻ ദൈവം അനുവദിച്ചിരുന്നില്ല. ലൂക്കൊസ് 1:9–9–20 ൽ ദൂതൻ അവനോട് സംസാരിച്ചപ്പോൾ, സെഖര്യാവ് ആദരണിയമായ പൗരോഹിത്യ ശുശ്രൂഷ ചെയ്തു

കൊണ്ടിരിക്കയായിരുന്നു. **ആണ്ടിൽ ഒരിക്കൽ**, മഹാപുരോഹിതൻ ദൈവാലയത്തിലെ **രണ്ടാമത്തെ ഭാഗത്ത്** പ്രവേശിക്കും,[12] പ്രായശ്ചിത്ത ദിവസത്തെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അതി വിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കും.

പ്രായശ്ചിത്ത ദിവസത്തിൽ ചെയ്യേണ്ടതായ കാര്യങ്ങൾ ലേവ്യാപുസ്തകം 16 ൽ വിശദമായി വിവരിച്ചിരിക്കുന്നു. ഈ ദിവസം വരുന്നത്, തിശ്രി മാസം പത്താം ദിവസം, ഉദ്ദേശം സെപ്തംബർ മാസത്തിലാണ്. ആണ്ടിൽ ഒരിക്കൽ, **മഹാപുരോഹിതൻ** അതിവിശുദ്ധ സ്ഥലത്ത് ദിവസത്തിൽ മൂന്നു പ്രാവശ്യം പ്രവേശിച്ചി [രുന്നു]. ആദ്യം കൃപാസനത്തിന് മുകളിൽ ധൂപം മേഘം പോലെ ഉയർത്തേണ്ടതിന്, പിന്നെ തന്റെ പാപങ്ങൾക്കുള്ള പരിഹാരമായി കാളക്കിടാവിന്റെ രക്തവുമായി പ്രവേശിച്ച ശേഷം. അടുത്തതായി **ജനങ്ങൾ അറിയാതെ അബദ്ധത്താൽ** [ചെയ്ത] പാപങ്ങൾക്കുള്ള ... പ്രായശ്ചിത്തത്തിന് കുഞ്ഞാടിന്റെ രക്തവുമായി പ്രവേശിക്കും.[13] പഴയ നിയമകാലത്ത് മനുഷ്യർ "പൂർണ്ണ അറിവോടെ" അഥവാ മനുപ്പൂർവ്വമായി ചെയ്ത പാപങ്ങൾ ക്ഷമിച്ചതായി നമുക്ക് തെളിവ് ഒന്നുമില്ല. *മിഷ്നാ* പറയുന്നു, "ഞാൻ പാപം ചെയ്യും, എന്നാൽ മാനസാന്തരപ്പെടും, വീണ്ടും പാപം ചെയ്ത് മാനസാന്തരപ്പെടും" എന്ന് ഒരാൾ പറഞ്ഞാൽ, 'അയാൾക്ക് മാനസാന്തരപ്പെടുവാനുള്ള അവസരം നൽകുകയില്ല. "ഞാൻ പാപം ചെയ്താൽ പ്രായശ്ചിത്ത നാളിൽ എനിക്ക് പ്രായശ്ചിത്തം ലഭിക്കും' എന്നു പറഞ്ഞാൽ, പ്രായശ്ചിത്ത പ്രതിഫലനം അയാളിൽ ഏൽക്കുകയില്ല."[14] ആ അർത്ഥത്തിലാണ് എബ്രായർ 6:4–6 ലും 10:26–29 ലും പറയുന്നത്. ചിലർ തിന്മയിൽ മുഴുകി ജീവിച്ച് അതിന്റെ അനന്തരഫലമെന്തെന്ന് അറിഞ്ഞിട്ടും പിന്നെയും അധപ്പതനത്തിലേക്ക് തന്നെ പൊയ്ക്കൊണ്ടിരിക്കും. അതിൽനിന്നും വ്യത്യസ്തമായി വാസ്തവത്തിൽ "അറിയാതെ" ചെയ്യുന്ന പാപങ്ങൾ ഉണ്ട്. അതിനെ "അറിഞ്ഞു" ചെയ്യുന്ന പാപത്തിൽനിന്നു വേർതിരിച്ചു കാണണം. അവ രണ്ടും ശരിയായി വേർതിരിച്ച് ഏതു പാപമാണ് ക്ഷമിക്കേണ്ടതെന്നും ഏതിനാണ് നിത്യശിക്ഷാവിധി നൽകേണ്ടതെന്നും ശരിയായി നിർണ്ണയിക്കുവാൻ ദൈവത്തിനു മാത്രമെ കഴിയു.

പഴയനിയമ കാലത്തെ യാഗങ്ങളെല്ലാം പാപത്തിന്റെ പ്രായശ്ചിത്തത്തിനായിരുന്നു, എന്നാൽ അതിനൊന്നിനും അവരുടെ പാപങ്ങൾ നീക്കം ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല. പ്രായശ്ചിത്ത നാളിൽ മഹാപുരോഹിതൻ ചെയ്തതിൽ ഉപരിയായിട്ടാണ് ക്രിസ്തുവിന്റെ ശുദ്ധീകരണ പ്രവൃത്തിയും രക്ഷയും.

### അലങ്കാരങ്ങളും അടയാളങ്ങളും മാത്രം (9:8–10)

**[8]മുൻകൂടാരം നിൽക്കുന്നേടത്തോളം വിശുദ്ധ മന്ദിരത്തിലേക്കുള്ള വഴി വെളിപ്പെട്ടില്ല എന്ന് പരിശുദ്ധാത്മാവ് ഇതിനാൽ സൂചിപ്പിക്കുന്നു. [9]ആ കൂടാരം ഈ കാലത്തേക്ക് ഒരു സാദൃശ്യമത്രെ; അതിന്ന് ഒത്തവണ്ണം ആരാധനക്കാരന് മനസാക്ഷിയിൽ പൂർണ്ണസമാധാനം വരുത്തുവാൻ കഴിയാത്ത വഴിപാടും യാഗവും അർപ്പിച്ചു പോരുന്നു. [10]അവ ഭക്ഷ്യങ്ങൾ, പാനിയങ്ങൾ, വിവിധ സ്നാനങ്ങൾ എന്നിവയോടുകൂടെ ഗുണീകരണകാലത്തോളം ചുമത്തിയിരുന്ന ജഡികനിയമങ്ങൾ അത്രെ.**

**വാക്യം 8.** ദൈവാലയത്തിലെ തിരശീല കീറിയപ്പോൾ ദൈവത്തിനടുക്കലേക്കുള്ള പ്രവേശനം സാധ്യമായി. സമാഗമന കൂടാരത്തിന് ആവശ്യമായതും

മോശെക്ക് ന്യായപ്രമാണം നൽകിയതും **പരിശുദ്ധാത്മാവ്** ആയിരുന്നു. ആ ചടങ്ങുകളുടെ യഥാർത്ഥത്തിലുള്ള അർത്ഥം കാണുവാൻ എബ്രായ ലേഖനം വായിക്കണം, അതും ആത്മാവിനാലായിരുന്നു നൽകപ്പെട്ടത്. എബ്രായ ലേഖനത്തോടുള്ള ബഹുമാനം തിരുവെഴുത്തിലെ മറ്റു പുസ്തകങ്ങളോട് നൽകിയിട്ടില്ല എന്നു തോന്നുന്നു. സമാഗമന കൂടാരത്തിന്റെ രൂപവും ഭാവവും നൽകിയ അതേ പരിശുദ്ധാത്മാവ് തന്നെയായിരുന്നു പഴയ നിയമവും പുതിയനിയമവും ദൈവശ്വാസിയമായി എഴുതുവാൻ സഹായിച്ചത് (2 പത്രൊ. 1:20, 21).

പുതിയ നിയമത്തിലെ ആരാധനയുടെ പ്രാധാന്യം മനസിലാക്കുവാൻ നമ്മെ സഹായിക്കുന്നതാണ് പഴയനിയമ തിരുവെഴുത്തുകളെന്ന് എബ്രായ ലേഖനം വായിക്കുമ്പോൾ നമുക്ക് അറിയുവാൻ കഴിയും. വിശുദ്ധ പർവ്വതത്തിൽ അവനെ കാണിച്ചു കൊടുത്ത മാതൃകയിൽ തന്നെയായിരുന്നു മോശെ ആലങ്കാരികമായി, പകർപ്പായി ഉണ്ടാക്കിയത്, അതായത് സമാഗമന കൂടാരം (പുറ. 25:40; എബ്രാ. 9:8, 11, 23, 24).

പഴയ വ്യവസ്ഥ നിറവേറുന്നതുവരെ, ആളുകൾ എങ്ങനെ രക്ഷിക്കപ്പെടുമെന്നോ നീതീകരിക്കപ്പെടുമെന്നോ അറിഞ്ഞിരുന്നില്ല. അപ്രകാരമാണ് ആളുകൾ സ്വർഗത്തിലെ **വിശുദ്ധ സ്ഥലത്ത്** പ്രവേശിക്കുന്നത്. ദൈവാലയം **നിൽക്കുന്നേടത്തോളം**, സ്വർഗത്തിലേക്കുള്ള വഴി ആർക്കും അറിഞ്ഞുകൂടായിരുന്നു എന്നാണ് തർജ്ജമകൾ അന്തർലീനമാക്കിയിരിക്കുന്നത്. ഒരു നല്ല തർജ്ജമ പറയുന്നു: "ഒന്നാമത്തെ കൂടാരം അപ്പോഴും നിലനിൽക്കുന്നു."[15] വാക്യം 8 പറയുന്നത് "വിശുദ്ധ സ്ഥലം" നിൽക്കുന്നേടത്തോളം (അർത്ഥം "അതിവിശുദ്ധ സ്ഥലം") പുറമെയുള്ള കൂടാരം "നിൽക്കുന്നേടത്തോളം" അതായത് പഴയ നിയമത്തിൽ തന്നെ ഒരു വ്യക്തി നിൽക്കുകയാണെങ്കിൽ, ദൈവസന്നിധിയിലേക്കുള്ള ശരിയായ വഴി അയാൾക്ക് കാണുവാൻ കഴിയുന്നില്ല എന്നർത്ഥം. നിഴലുകൾ പിടിച്ചിരുന്നാൽ അയാൾക്ക് യാഥാർത്ഥ്യം കാണുവാൻ കഴിയുകയില്ല എന്നർത്ഥം. ന്യായപ്രമാണത്തെ മുറുകെ പിടിച്ചു കൊൾവാൻ ആഗ്രഹിച്ച ക്രിസ്ത്യാനികൾ അവരുടെ രക്ഷയെ സാഹസത്തിലാക്കുകയായിരുന്നു.

പഴയ നിയമത്തിലെ മഹാപുരോഹിതന് മാത്രം ആണ്ടിലൊരിക്കൽ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നുള്ളു, അന്ന് സ്വർഗത്തിലേക്കുള്ള പ്രവേശനം ആലങ്കാരികമായി മറഞ്ഞിരുന്നു. തിരശീല കീറിയപ്പോൾ, അന്നുവരെ മറഞ്ഞിരുന്നത് വെളിപ്പെട്ടു കിട്ടി. പഴയ നിയമത്തിൽ രക്ഷിക്കപ്പെട്ടവർ തങ്ങളുടെ വീണ്ടെടുപ്പിനായി കാത്തിരുന്നു. യേശു ഭൂമിയിൽ വന്ന് തന്റെ മരണത്താലും അപ്പൊസ്തലന്മാരുടെ പ്രവൃത്തികളാലും അത് നേടിയെടുക്കുന്നതുവരെ മർമ്മമായിരുന്നു.

**വാക്യം 9**. അതി വിശുദ്ധ സ്ഥലം കാണുവാൻ കഴിയാതിരുന്നത് (വാ. 8) ക്രിസ്തീയ കാലത്തേക്കുള്ള ഒരു "അലങ്കാരം" അല്ലെങ്കിൽ **അടയാളം** ആയിരുന്നു (ഇപ്പോഴത്തെ "സമയം" അല്ലെങ്കിൽ "കാലം"). സഭയിൽ നിറഞ്ഞിരിക്കുന്നതിന്റെ സാദൃശങ്ങളും നിഴലുകളുമായിരുന്നു പഴയ നിയമത്തിൽ. അതിവിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനം സാധ്യമാക്കിയതായിരുന്നു ക്രിസ്തു മരിച്ചപ്പോൾ, ദൈവാലയത്തിലെ തിരശീല കീറിയത് (മത്താ. 27:51; മർ. 15:38; ലൂക്കൊ. 23:45). ക്രിസ്തു രക്തം ചിന്തി സ്വർഗത്തിൽ അർപ്പിക്കുന്നതുവരെ തേജസിലേക്കുള്ള വഴി തുറന്നു കിട്ടിയിരുന്നില്ല എന്ന് ഇത് അന്തർലീനമാക്കുന്നു. ഒരാൾക്ക് എങ്ങനെ രക്ഷിക്കപ്പെടാമെന്ന് പ്രവൃത്തികളുടെ പുസ്തകം

അദ്ധ്യായം 2 ൽ അപ്പൊസ്തലന്മാർ അലങ്കാരമൊന്നും ഉപയോഗിക്കാതെ തുറന്നു പ്രസ്താവിച്ചിരിക്കുന്നു (പ്രവൃ. 2:36–38). നമ്മെ സ്വർഗത്തിലേക്ക് പ്രവേശിപ്പിക്കുവാൻ തിരശീലയും കീറപ്പെട്ടിരിക്കുന്നു. ഇപ്പോൾ വഴി പൂർണ്ണമായും വ്യക്തമാക്കിയിരിക്കുന്നു.

വഴി തുറക്കുവാനായി യേശു തന്റെ ദേഹം (തിരശീല) കീറി മുറിച്ചു (എബ്രാ. 10:20). ക്രിസ്തു ക്രൂശിൽ മരിക്കുന്നതു വരെ ക്രിസ്തുവിന്റെ ശരീരമായ സഭ നിലവിൽ വന്നിരുന്നില്ല. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ–മുൻപ് അവർ നഷ്ടപ്പെട്ടവരായിരുന്നു, എന്നാൽ ഇപ്പോൾ വീണ്ടെടുക്കപ്പെട്ടവരോട് ചേർന്നിരിക്കുന്നു, പക്ഷെ ക്രിസ്തു രക്തം കൊടുത്ത് അവരെ വാങ്ങുന്നതുവരെ അവർക്ക് സഭയിൽ പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നില്ല (പ്രവൃ. 20:28). നമുക്ക് വീണ്ടെടുപ്പ് ലഭിക്കേണ്ടതിന്ന് വാസ്തവത്തിലുള്ള മഹാപുരോഹിതനായ മശിഹയെ തേജസിന്റെ തിരശീലക്കകത്തേക്ക് പ്രവേശിക്കുവാൻ ദൈവം അനുവദിച്ചു. “ദൈവാലയ തിരശീല കീറിയപ്പോൾ, യിസ്രായേലിന്റെ സമാഗമന കൂടാരവും, പിന്നീടുണ്ടായ ദൈവാലയവും, ചരിത്രമായി മാറി.”[17]

പഴയ നിയമത്തിൽ, **ഒരു ആരാധകന്** പാപത്തിൽനിന്നു വാസ്തവമായി മോചനം ലഭിച്ച് **മനസാക്ഷി പൂർണ്ണമായും** കുറ്റമറ്റതാക്കുവാൻ കഴിഞ്ഞിരുന്നില്ല. പിന്നീടാണ് മനസാക്ഷി വിശുദ്ധീകരിച്ച് യാതൊരു നിയന്തണവുമില്ലാതെ ദൈവത്തോട് അടുത്തു ചെല്ലുവാനും ദൈവത്തെ ആരാധിക്കുവാനും ശുശ്രൂഷിക്കുവാനും അവസരം ലഭിക്കുന്നത്.”[18] “മനസാക്ഷി” എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഒരുപക്ഷെ പാപത്തെ കുറിച്ചുള്ള “അറിവ്” ആയിരിക്കാം–ഫലത്തിൽ, “മുറിവേൽക്കപ്പെട്ട മനസാക്ഷി” ആണ്. തിരുവെഴുത്തിലെ മറ്റു ഭാഗങ്ങളെക്കാൾ, കൂടുതലായ അറിവ് വായനക്കാരന് ലഭിക്കുന്നത് എബ്രായ ലേഖനത്തിൽ നിന്നാണ്.”[19] വാസ്തവത്തിൽ, പരിഭ്രാന്തിയിലായ ഏതൊരു പുരുഷനും സ്ത്രീക്കും ആവശ്യമായ സഹായമാണ് ലേഖകൻ 9:14 ൽ നൽകുന്നത്. യോംകിപൂരിൽ തങ്ങളുടെ വഴിപാടുകൾ ദൈവം സ്വീകരിക്കുന്നതിനാൽ, തങ്ങളുടെ മനസാക്ഷി നല്ലതായിതീർന്നു എന്ന് യെഹൂദന്മാർ കരുതിയിരുന്നേക്കാം. അന്ന് അവരുടെ പാപങ്ങളെല്ലാം നീങ്ങപ്പെട്ടു എന്നും വിചാരിച്ചിരിക്കാം, പക്ഷെ അവർ അപ്പോഴും പാപത്തിൽ തന്നെയായിരുന്നു.

**വാക്യം 10.** സ്നാനത്താൽ ക്രിസ്തുവിനെ അനുസരിക്കുന്ന ഒരാളുടെ മനസാക്ഷിയാണ് ഇന്ന് നല്ലതായി തീരുന്നത് (1 പത്രൊ. 3:21). ആ പ്രവൃത്തിയാൽ ദൈവം നമ്മുടെ മുൻകഴിഞ്ഞ പാപങ്ങൾ കണക്കിടുകയില്ല എന്ന് നമുക്ക് അറിയാം. ദൈവത്തോട് അടുക്കുവാനുള്ള വിശുദ്ധീകരണവും രക്ഷയും യേശു മുഖാന്തരമാണ് ലഭിക്കുന്നത് (യോഹ. 14:6). ന്യായപ്രമാണത്തിന് ആളുകളെ പൂർണ്ണമായി രക്ഷിപ്പാൻ കഴിഞ്ഞില്ല; അത് ആലങ്കാരികമായി അല്ലെങ്കിൽ ശുദ്ധീകരണ ചടങ്ങുമാത്രമായിന്നു നൽകിയത്. അത് ജഡിക നിയമാവലികളോടുകൂടിയതായിരുന്നു, വിവിധ കഴുകലുകൾ ആത്മാവിനെ ശുദ്ധീകരിക്കുന്നതായിരുന്നില്ല.

അത്തരം കാര്യങ്ങൾ ഒരു “ചിഹ്നം” (വാ. 9) അല്ലെങ്കിൽ “നിഴൽ” മാത്രമായിരുന്നു (കൊലൊ. 2:14–17), അത് പുനക്രമീകരണ കാലം (*ഡയോർതോസിസ്*) വരെ ഉള്ളവയായിരുന്നു. “പുനക്രമീകരണം” എന്ന വാക്കിന്റെ അർത്ഥം, “വീണതായ ആരംഭസ്ഥാനത്തേക്ക് യഥാസ്ഥാനപ്പെടുത്തുക” എന്നാണ്.[20] “എല്ലാം നേരെയാക്കൽ” എന്നതാണ് ആ വാക്ക് ഉദ്ദേശിക്കുന്നത്, അത് പുതിയനിയമ കാലമാണ്.[21] ആ വാക്കിന് “പുതിയ ക്രമം” എന്നും അർത്ഥം

വരാം (എൻഐവി). അത് യേശു പറഞ്ഞതായ പുനർജ്ജനന കാലം പോലെയാണ് (മത്താ. 19:28). എന്നാൽ യേശു ഉപയോഗിച്ചത് മറ്റൊരു വാക്കായ *പലിഞ്ചെനസിയാ* ആണ്. അതിനോടടുത്ത ആശയമായിരിക്കാം അവൻ ഉപയോഗിച്ചത്. പിന്നീട് പറഞ്ഞ വാക്ക് എല്ലാവരെയും ബാധിക്കുന്ന ആത്മിയ ജനനത്തെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. പക്ഷെ "പുനക്രമീകരണം" എന്ന വാക്ക് അധികവും യെഹൂദന്മാരെയാണ് ബാധിച്ചിരുന്നത്, അതിനാലാകാം എബ്രായ പുസ്തകത്തിൽ അത് ഉപയോഗിച്ചത്. ആ സമയത്തായിരുന്നു കാര്യങ്ങളെല്ലാം "നേരെ ആക്കിയത്"; സുവിശേഷത്താൽ എല്ലാവരെയും രാജ്യത്തിൽ പ്രവേശിക്കുന്നതിന് വാതിൽ തുറന്നു കൊടുക്കുന്നതുവരെ അത് സംഭവിച്ചിരുന്നില്ല.

## ക്രിസ്തുവിന്റെ മരണവും പാപപരിഹാരവും (9:11-15)

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സത്യമാണ് ക്രിസ്തു മഹാപുരോഹിതനായി പ്രത്യക്ഷനായത്. പഴയ നിയമ കാലത്തെ മഹാപുരോഹിതൻ വിശുദ്ധ സ്ഥലത്തുകൂടെ കടന്നു പോയെങ്കിൽ, യേശു യഥാർത്ഥ വിശുദ്ധസ്ഥലത്തേക്കാണ് പോയത്. അത്യുന്നതമായ അതിവിശുദ്ധ സ്ഥലത്തിരിക്കുന്ന പിതാവിന്റെ അടുക്കലേക്കാണ് യേശു പോയത്. നമ്മുടെ പുതിയ മഹാപുരോഹിതന്ന് നിഴലുകൾ ഒരിക്കലും ആവശ്യമില്ല.

"എബ്രായ ലേഖനത്തിൻെറ ഹൃദയ ഭാഗം"[22] എന്നു വിശേഷിപ്പിക്കാവുന്നതാണ് 9:11–15. അതിന്റെ സ്വർണ്ണ നൂലും മുഖ്യ വിഷയവും യേശുവിന്റെ രക്തം ആണ്. നാം അത് പഠിക്കുമ്പോൾ, നമുക്ക് ചോദിക്കാം, "യേശു തന്റെ രക്തം മുഖാന്തരം നമുക്ക് എന്താണ് നൽകിയത്?"

### ക്രിസ്തുവിന്റെ പാപപരിഹാരത്തിന്റെ ശ്രേഷ്ഠത (9:11–14)

**11ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട് കൈപ്പണിയല്ലാത്തതിനാൽ എന്നുവച്ചാൽ ഈ സൃഷ്ടിയിൽ പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി 12ആട്ടുകൊറ്റന്മാരുടേയും പശുക്കിടാക്കളുടേയും രക്തത്താലല്ല; സ്വന്ത രക്തത്താൽ തന്നെ ഒരിക്കലായിട്ട് വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു. 13ആട്ടുകൊറ്റന്മാരുടേയും കാളകളുടേയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും 14ജഡികശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജ്ജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?**

**വാക്യങ്ങൾ 11, 12.** ആദ്യമായി ക്രിസ്തുവിന്റെ രക്തം നമുക്ക് നിത്യ വീണ്ടെടുപ്പ് കൊണ്ടുവന്നു. ഈ വാക്യങ്ങൾ ഒരൊറ്റ വാചകത്തിലാണ്, എന്നാൽ ആ ഒരു വാചകത്തിൽ മഹത്തായ ചിന്തകളും പുതിയ ആശയങ്ങളും ഉൾപ്പെട്ടിരിക്കുന്നതിനാൽ, നാം ശ്രദ്ധയോടെ അത് വായിച്ചു മനസിലാക്കണം.

**വരുവാനുള്ള നന്മകൾ** എന്നു പറയുന്നത് അക്ഷരികമായി, "ഇതിനോട് ചേർന്ന് വരുന്നത്" (*പാരാജിനോമായി*) എന്നാണ്. പല വെർഷനുകളും പറയുന്നത് "വന്നതായ" എന്നാണ്, ആദ്യത്തെ രണ്ട് കയ്യെഴുത്തു പ്രതികളുടെ

അടിസ്ഥാനത്തിലുള്ള ഒരു തർജ്ജമയാണ് അത്. "ഇവിടെ വന്നുകഴിഞ്ഞ നന്മകളെ" കുറിച്ചാണ് ലേഖകൻ പറയുന്നത്. ഭാവിയിലേക്കുള്ള വെറും വാഗ്ദാനമായിട്ടല്ല, പിന്നെയോ ദൈവിക നിബന്ധനകൾ നിറവേറ്റി ക്രിസ്തു എന്ന മഹാപുരോഹിതൻ മുഖാന്തരം വന്നുകഴിഞ്ഞ നന്മകളെയാണ് സംസാരിക്കുന്നതെന്ന് ബി. എഫ്. വെസ്റ്റ്കോട്ട് ഊന്നി പറഞ്ഞിരിക്കുന്നു. "മനുഷ്യർ തങ്ങളുടെ അവകാശത്തിലേക്ക് പ്രവേശിച്ചിട്ടില്ലെങ്കിലും, അത് വന്നു കഴിഞ്ഞിരിക്കുന്നു."[24] ക്രിസ്തുവിന്റെ ആദ്യ വരവോടുകൂടിയാണ് ആ നന്മകൾ വന്നതും, അവ ലഭിക്കുമാറായതും. "വരുവാനുള്ള നന്മകൾ" എന്നു പറയുന്നതിനു തുല്യമാണ് "പുനർജ്ജനന കാലം" (വാ. 10), അതാണ് ക്രിസ്തീയ കാലവും അതിന്റെ ഗുണങ്ങളും.

മഹാപുരോഹിതനായി ക്രിസ്തു പ്രത്യക്ഷനായി എന്നു പറയുന്നതിൽ അവന്റെ ആദ്യവരവിനേക്കാളധികം അടങ്ങിയിരിക്കുന്നു. അവൻ "പ്രത്യക്ഷനായി" അല്ലെങ്കിൽ "വന്നു" എന്നു പറഞ്ഞിരിക്കുന്നതിൽ വെറും ജനനത്തെ മാത്രമല്ല, അവൻ ജനിച്ചത് മഹാപുരോഹിതൻ ആകുവാനുള്ള മഹത്തായ ഉദ്ദേശത്തിനായിരുന്നു. നമുക്ക് "ഒരു മഹാപുരോഹിതൻ ... ഉള്ളതുകൊണ്ട്" (8:1) അവൻ നമുക്ക് വേണ്ടി ഒരുക്കിയ അനുഗ്രഹങ്ങൾ കിട്ടിക്കഴിഞ്ഞു. നമ്മുടെ മാർഗമദ്ധ്യേ ഉണ്ടായിരുന്ന ന്യായപ്രമാണത്തെ നീക്കി കളഞ്ഞു, കാരണം ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾക്കൊന്നും മനുഷ്യനെ തികഞ്ഞവനാക്കുവാൻ കഴിഞ്ഞില്ല. അവൻ ക്രൂശിൽ തറെച്ചു വഴിയിൽ നിന്നു നീക്കി കളഞ്ഞു (കൊലൊ. 2:14).

**വലിപ്പവും തികവുള്ളതുമായ കൂടാരം ഏതാണ്?** പഴയ നിയമത്തിൽ, ഭൗമിക വിശുദ്ധ സ്ഥലമാണ് ഉണ്ടായിരുന്നത് (വാ. 1), എന്നാൽ പുതിയത് സ്വർഗമാണ്. ഭൗമിക കൂടാരം സ്വർഗത്തിന്റെ സാദൃശം മാത്രമായിരുന്നു. സ്വർഗത്തിന്റെ പ്രതിനിധാനമായ കൂടാരത്തിന്റെ അതിവിശുദ്ധ സ്ഥലം, ഭൂമിയിലെ ദൈവസാന്നിധ്യത്തെയാണ് ഓർപ്പിക്കുന്നത്, അതായത്, അവന്റെ ജനമായി ചേർക്കപ്പെട്ട സഭ (എഫെ. 2:19-22; 1 പത്രൊ. 2:5). "എന്റെ രാജ്യം ഐഹികമല്ല" എന്നാണ് യേശു പറഞ്ഞത് (യോഹ. 18:36). അവന്റെ ഭൗമിക കൂടാരത്തിന് പകരം **കൈപ്പണിയല്ലാത്തതായ** ഒന്ന് നമുക്ക് നൽകിയിരിക്കുന്നു.[25] അത്യുന്നതനായ ദൈവം കൈപ്പണിയായ കെട്ടിടങ്ങളിൽ വസിക്കുകയില്ല എന്ന് സ്തെഫാനൊസും പൗലൊസും തറപ്പിച്ചു പറഞ്ഞിരിക്കുന്നു (പ്രവൃ. 7:48; 17:24). ഈ സത്യം ശലോമോനും മനസിലാക്കിയിരുന്നു (1 രാജാ. 8:27). അടിസ്ഥാന സ്വഭാവ ഗുണമായ താഴ്മയുള്ളവരുടെ മനസിലും മനസ്താപമുള്ളവരുടെ ഹൃദയത്തിലുമാണ് ദൈവം വസിക്കുന്നത് (യെശ. 57:15; സങ്കീ. 51:16, 17).

ഭൂമിയിലെ മഹാപുരോഹിതന്മാർ **രക്തവുമായി അതിവിശുദ്ധ** സ്ഥലത്തേക്ക് പ്രവേശിച്ചിരുന്നു, അതുപോലെ യേശു തന്റെ **സ്വന്ത രക്തവുമായി** [സ്വർഗത്തിലേക്ക്]**പ്രവേശിച്ചു** (എബ്രാ. 9:12).[26] അവൻ മൃഗങ്ങളുടേയോ മറ്റു മനുഷ്യരുടേയോ രക്തം അല്ല നൽകിയത്. സ്വന്ത രക്തം സമർപ്പിച്ച്, നമ്മെ **നിത്യമായി വീണ്ടെടുത്ത്** പ്രവേശിക്കുവാൻ അനുവദിച്ചു. "വീണ്ടെടുപ്പ്" (*ലുട്രോസിസ്*) എന്ന വാക്ക് അടിമകളെയോ പ്രവാസികളെയോ മറുവില കൊടുത്തു വാങ്ങുന്നതിനെയാണ് പറയുന്നത്. അതിൽ വില കൊടുത്തു വിടുവിക്കുന്ന ആശയവും ഉൾപ്പെടുന്നു (1 പത്രൊ. 1:18-20). നമ്മുടെ വിടുവിക്കൽ നിത്യസ്വഭാവത്തിലുള്ളതാണ്, കാരണം ദൈവം [നമ്മുടെ] "പാപങ്ങൾ ഇനി ഓർക്കു

കയില്ല" (8:12). **ആട്ടുകൊറ്റന്മാരുടേയും** കാളക്കിടാങ്ങളുടേയും **രക്തത്തിന്** പാപങ്ങളെ മോചിക്കുവാൻ കഴിഞ്ഞിരുന്നില്ല (10:4).

**വാക്യം 13**. രണ്ടാമതായി, യേശുവിന്റെ രക്തം ശുദ്ധമനസ്സാക്ഷി നൽകുന്നു. വീണ്ടും വാക്യം 13 ലും 14 ലും, "ചെറിയതിൽ നിന്ന് വലിയതിലേക്ക്" എന്ന വാദഗതിയാണ് കാണുന്നത്. ചുവന്ന **പശുക്കുട്ടി**യുടെ **ഭസ്മം** വെള്ളത്തോടുകൂടി (സംഖ്യാ. 19:1-10 നോക്കുക) ജഡികശുദ്ധി വരുത്തുവാനായി ഉപയോഗിച്ചിരുന്നു, അതിനേക്കാൾ എത്രയധികം, ദൈവപുത്രനായ യേശുവിന്റെ രക്തം വാസ്തവത്തിലുള്ള ശുദ്ധീകരണം നടത്തും? യഹൂദ ആരാധകർ തങ്ങളുടെ ശുദ്ധീകരണ ചടങ്ങുകൾ മുഴുവനും ആത്മീയ ശുദ്ധി വരുത്തുന്നതല്ല എന്ന് അവർ തിരിച്ചറിഞ്ഞിരുന്നില്ല. എന്നാൽ പാപപരിഹാര ദിവസം അല്പം പ്രയോജനം അതിന് ലഭിച്ചിരുന്നു, അത് ബാഹ്യവും താല്ക്കാലികവുമായ ശുദ്ധീകരണ പ്രക്രിയ ആയിരുന്നു. യാഗങ്ങളുടെ ഫലമായി മലിനപ്പെട്ട വ്യക്തിയെ സമാഗമന കൂടാരത്തിൽ നിന്ന്/ദൈവാലയത്തിൽ നിന്ന് ഛേദിക്കപ്പെട്ടിരുന്നില്ല, അവന് ഉടമ്പടിയുമായുള്ള ദൈവത്തിലുള്ള ബന്ധത്തിൽ തുടരാമായിരുന്നു. അത്തരം യാഗങ്ങൾ ആവർത്തിച്ച് നടത്തിയിരുന്നു. ആരെങ്കിലും മലിനപ്പെടുവോളം മൃഗങ്ങളെ കൊന്ന് ഓരോ പ്രാവശ്യവും യാഗം കഴിക്കണമായിരുന്നു, കാരണം പുരോഹിതന്മാർ ഭസ്മവും വെള്ളവുമായി തയ്യാറായി നിന്നിരുന്നു. മലിനപ്പെട്ട വ്യക്തിയിൽ ഈസോപ്പ് കൊണ്ടു ആ മിശ്രിതം തളിച്ച് കഴിഞ്ഞാൽ അയാൾക്ക് സഭയുമായി ചേർന്ന് ആരാധിക്കാമായിരുന്നു.[27] വാക്യം 21 ൽ യാഗ രക്തം "**തളിക്കുന്നതായി**[ട്ടാണ്]" (*റാന്റിസോ*)[28]. ധാർമ്മിക ശുദ്ധി വരുത്തുന്നതിന് പകരം **ജഡികമായ ശുദ്ധീ**[കരണം] ആയിരുന്നു അന്ന് നടന്നിരുന്നത്. ഉദാഹരണമായി, പഴയനിയമ കാലത്ത്, ഒരു വ്യക്തി ഒരു മൃതശരീരത്തിൽ സ്പർശിക്കുകയോ, മൃതശരീരമുള്ള കെട്ടിടത്തിൽ പോകുകയോ ചെയ്താൽ ശുദ്ധീകരണം ആവശ്യപ്പെട്ടിരുന്നു. ഇന്നും യഹൂദ ആശുപത്രികളുടെ മുൻപിൽ ഇടുങ്ങിയ ചിന്താഗതിക്കാരായ യഹൂദന്മാർ ബോർഡ് വച്ചിരുന്നത്, മരണം സംഭവിച്ച കെട്ടിടത്തിൽ പ്രവേശിക്കുന്നത് **മലിനപ്പെടുത്തും** എന്നായിരുന്നു. പഴയനിയമ ആചാരങ്ങൾ ആയിരുന്ന "ആഘോഷ ശുദ്ധീകരണങ്ങൾ" അവരുടെ "മനസാക്ഷിയെ ശുദ്ധീകരിച്ചിരുന്നില്ല" (വാ. 14).

**വാക്യം 14**. ഈ വാക്യത്തിൽ മൂന്ന് സത്യങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്ന്, യേശു **തന്നെത്താൻ അർപ്പിക്കപ്പെട്ടു**. രണ്ട്, അവൻ തികവുള്ള യാഗം അർപ്പിച്ചു, കാരണം അവൻ **കുറ്റമില്ലാത്തവൻ** ആയിരുന്നു. മൂന്ന്, അവൻ നിത്യാത്മാവിനാൽ ആയിരുന്നു വഴിപാട് അർപ്പിച്ചത്. ഗ്രീക്ക് പ്രയോഗത്തിൽ ആർട്ടിക്കിൾ ഇല്ല, അതുകൊണ്ട് "നിത്യാത്മാവ്" എന്നതിനോട് കൂടെ "ദ" എന്ന് ചേർക്കേണ്ട ആവശ്യമില്ല. എങ്ങനെയായാലും, എല്ലാ തർജ്ജമകളും ഇത് "പരിശുദ്ധാത്മാവ്" അല്ലെങ്കിൽ "ക്രിസ്തുവിന്റെ നിത്യാത്മാവ്" എന്നാണ് പറയുന്നത്. അതുകൊണ്ട് ആർട്ടിക്കിൾ ചേർത്ത് "ആത്മാവ്," തുടങ്ങിയത് വലിയ അക്ഷരത്തിലാണ്. ക്രൂശിലെ യേശുവിന്റെ മരണത്തിൽ പരിശുദ്ധാത്മാവ് സഹായിച്ചു എന്ന വാദം അസ്ഥാനത്താണ്. അത് ശരിയാണെങ്കിൽ ക്രൂശിൽ വച്ച് കൈവിട്ടതെന്തെന്ന അവന്റെ വാക്കുകൾ യോജിക്കാത്തതാകും (മത്താ.27:46). തീർച്ചയായും, യേശു ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്തത് എല്ലാം പരിശുദ്ധാത്മാവിന്റെ ഇഷ്ടത്തോട് യോജിക്കുന്നതായിരുന്നു, അതായിരിക്കാം ഇവിടെ പറഞ്ഞതിന്റെ അർത്ഥം.

ആത്മീയ ഗോളത്തിൽ ക്രിസ്തുവിന്റെ ദൈവീക സ്വഭാവത്തെയാണ് ആ പ്രയോഗത്താൽ സൂചിപ്പിക്കുന്നത് എന്നാണ് സ്വീകാര്യമായ സമീപനം.[29] യേശു ജഡത്തിൽ ജനിച്ചത് പരിശുദ്ധാത്മാവിൽ ആയിരുന്നു (ലൂക്കൊ. 1:35), "ദൈവാത്മാവിനാലാണ്" താൻ ഭൂതങ്ങളെ പുറത്താക്കുന്നതെന്ന് യേശു പറഞ്ഞു (മത്താ. 12:28). സാദ്ധ്യതയുള്ള മറ്റൊരു അർത്ഥം എന്തെന്നാൽ അവന്റെ യാഗം ജഡീകമായിരുന്നില്ല, തികച്ചും ആത്മീകമായിരുന്നു.[30] ആ വാക്യം നമ്മളെ യെശയ്യാവ് 42:1 ലേക്ക് കൊണ്ടുപോകുന്നു: "ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ വെച്ചിരിക്കുന്നു."[31] താൻ ചെയ്യുന്നത് എന്തെന്ന പൂർണ്ണ അറിവോടെയാണ് യേശു യാഗം കഴിച്ചത്, അത് ഒരു മൃഗത്തിനും കഴിഞ്ഞിരുന്നില്ല. "മറ്റൊരാളും തീർച്ചയായും മറ്റൊരു മഹാപുരോഹിതനും ചെയ്തിരുന്നില്ല. അത് രണ്ടും സ്വയമായി ചെയ്തതും മുൻകൂട്ടി ആലോചിച്ചതും ആയിരുന്നു."[32] ആത്മാക്കൾക്ക് അവരുടേതായ "ആത്മാവ്" ഇല്ല, അവരുടെ ശരീരങ്ങൾ മാത്രമാണ് യാഗത്തിന് ഉപയോഗിക്കുന്നത്. എന്നാൽ യേശു സ്വയമായി ക്രൂശിലേക്ക് പോകുകയാണ് ചെയ്തത്.

"നിഷ്കളങ്കനായ," എന്നതിന്റെ അർത്ഥം അവന്റെ ആത്മാവിൽ കറയോ പാപമോ ഇല്ലായിരുന്നു എന്നാണ്. "നിഷ്കളങ്കം," *അമോമോസ്,* എന്ന വാക്ക് തന്നെയാണ് "ഊനമില്ലാത്ത" മൃഗത്തിന് LXX ൽ ഉപയോഗിച്ചിരിക്കുന്നത് (ലേവ്യ. 1:3, 10; 1 പത്രൊ. 1:19 നോക്കുക). മനസ്സാക്ഷിയെ കുറ്റവിമുക്തമാക്കുന്നതായിരുന്നു **മനസാക്ഷിയെ ശുദ്ധീകരിക്കൽ**. ക്രിസ്തുവിന്റെ രക്തം അതിപ്പോഴും ചെയ്ത് കൊണ്ടിരിക്കുന്നു (1 യോഹ. 1:7).[33]

**ക്രിസ്തുവിന്റെ രക്തം** എന്ന പ്രയോഗം എബ്രായ ലേഖനത്തിൽ ഇവിടെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത് (10:19 ൽ "യേശുവിന്റെ രക്തം" എന്നാണ്). കുറ്റം നീങ്ങുകയും പാപക്ഷമാപണം ലഭിച്ചുവെന്ന് ഒരു വ്യക്തി മനസ്സിലാക്കുകയും ചെയ്യുമ്പോൾ, മരണത്താൽ ദൈവത്തെ അഭിമൂഖീകരിക്കുന്ന ഭയം ക്രമേണ നീങ്ങിപ്പോകും. നിഷ്ക്കളങ്കന് ഭയപ്പെടുവാൻ എന്തിരിക്കുന്നു? തനിക്ക് ദൈവമുമ്പാകെ കുറ്റം ഒന്നും ഇല്ല എന്ന തോന്നൽ ഉള്ള ആൾക്ക് ഏത് കുഴപ്പത്തിലും സമാധാനിക്കുവാൻ കഴിയും.

നിയമത്തിന് പുറത്തുള്ള ഏത് പ്രവൃത്തിയായാലും ദൈവത്തോടുള്ള ബന്ധത്തിലാണെന്ന് പറഞ്ഞ് ചെയ്യുന്ന പ്രവൃത്തികളായാലും **നിർജ്ജീവ പ്രവർത്തികളാണ്** (6:1 ലെ ചർച്ചകൾ നോക്കുക). ക്രിസ്തുവിലുള്ള നീതീകരണവുമായി നോക്കിയാൽ അത്തരം പ്രവർത്തികൾക്ക് യാതൊരു വിലയും ഇല്ല എന്നാണ്. അവ "നിർജ്ജീവമാകുവാൻ," പല കാരണങ്ങളാണ് ഉള്ളത്. (1) ഒരാൾ പാപത്തിൽ ആണെങ്കിൽ ദൈവമുൻപാകെ മരിച്ചവനാണ്, കാരണം അയാൾ നഷ്ടപ്പെട്ടവനും, ക്രിസ്തുവിന് പുറത്തുള്ളവനും ആണ്. അത്തരം ഒരു വ്യക്തിക്ക് ദൈവത്തിന് സ്വീകാര്യമായ "ജീവനുള്ള" പ്രവൃത്തികൾ ചെയ്യുവാൻ സാധ്യമല്ല. (2) അ-ക്രൈസ്തവർ ചെയ്യുന്ന പ്രവൃത്തികൾ "ജീവനുള്ള ഫലം," പുറപ്പെടുവിക്കുന്നതല്ല. (3) അത്തരം പ്രവൃത്തികൾ ന്യായവിധിയിലേക്കും നിത്യമരണത്തിലേക്കും ആണ് നയിക്കുന്നത്.[34] "നിർജ്ജീവ പ്രവർത്തികൾ" എന്ന് പറയുന്നത് പഴയ നിയമത്തിൻ കീഴിലെ പ്രവർത്തികൾ ജീവൻ പുറപ്പെടുവിക്കുന്നത് ആയിരുന്നില്ല. അതേ പ്രയോഗം 6:1 ലും കാണാം, രണ്ട് പൊതുവായ വാക്കുകളാണ് അവിടെ ഉപയോഗിച്ചിരിക്കുന്നത്, "മരിച്ച" (*നെക്രോസ്*) എന്നും "പ്രവർത്തികൾ" (*എർഗോൻ*) എന്നും.

ഒരിക്കൽ നിർജ്ജീവ പ്രവർത്തികൾ നീങ്ങപ്പെട്ടാൽ ഒരാൾക്ക്

**ജീവനുള്ള ദൈവത്തെ ശുശ്രൂഷിക്കാം**. നീങ്ങൽ ലഭിക്കാതെ ഒരാൾക്ക് ദൈവത്തെ ആരാധിക്കുവാനോ ശുശ്രൂഷിക്കുവാനോ കഴിയുകയില്ല. "ശുശ്രൂഷിക്കുക" എന്നതിനുള്ള വാക്ക് *ലാറ്ററിയോ* ആണ്, "അതിന്റെ അർത്ഥം 'മതപരമായ കടമകൾ നിർവ്വഹിക്കൽ' '[35] "ആരാധനപ്രവർത്തിയിൽ," കടമകൾ ഉൾപ്പെടാം അല്ലെങ്കിൽ ഉൾപ്പെടാതിരിക്കാം.

### ത്യാഗപൂർണ്ണമായ മരണവും നിത്യാവകാശവും (9:15)

**[15]അതുനിമിത്തം ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ട് നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്ക് ലഭിക്കേണ്ടതിന് അവൻ പുതിയനിയമത്തിന്റെ മധ്യസ്ഥൻ ആകുന്നു.**

**വാക്യം 15**. മൂന്ന്, അവന്റെ രക്തത്താൽ, യേശു നമുക്ക് ഒരു **പുതിയ നിയമം** നല്കി. യേശു പുതിയ നിയമത്തിന്റെ **മദ്ധ്യസ്ഥനാണ്** എന്ന് നാം കണ്ടു കഴിഞ്ഞു (8:6), എന്നാൽ ആ പങ്കിന്റെ അടിസ്ഥാനം അവന്റെ ത്യാഗപൂർണ്ണമായ **മരണമായിരുന്നു. ആദ്യനിയമത്തിൻ കീഴിൽ** മരിച്ച അനുതാപം ഉണ്ടായിരുന്ന വിശ്വസ്തർക്ക് എന്ത് സംഭവിക്കും എന്നതിനെ കുറിച്ച് ഉൽകണ്ഠ ഉണ്ടായിരുന്നു. മോശെയെയും ഏലിയാവിനെയും തേജസ്സുള്ള സ്ഥാനത്തേക്ക് എടുക്കപ്പെട്ടെങ്കിലും ധനവാൻ പോയത് യാതനാ സ്ഥലത്തേക്ക് ആയിരുന്നു (ലൂക്കൊ. 9:28–36; 16:23–26). വിശ്വസ്തർ നീതിമാനായി തീർന്നത്, നമ്മെപ്പോലെ വിശ്വാസത്താലും അനുസരണത്താലും ആയിരുന്നു (റോമർ. 4:3, ഉല്. 15:6; യാക്കൊ. 2:21–23). *എങ്ങനെ* എന്നതിന്റെ ഉത്തരം ഈ വേദഭാഗത്ത് കാണാം: അവരുടേയും നമ്മുടേയും പാപങ്ങൾക്ക് വേണ്ടിയാണ് യേശുവിന്റെ വീണ്ടെടുപ്പിനായുള്ളള മരണം. നമ്മെപ്പോലെ, അവരും കുറ്റങ്ങളിൽ നിന്ന് വീണ്ടെടുക്കപ്പെട്ടവരും സകല ന്യായപ്രമാണ ലംഘനങ്ങളിൽ നിന്നും മോചിക്കപ്പെട്ടു. എക്കാലത്തെയും അനുസരിക്കുന്ന വിശ്വാസികൾക്ക് ക്രൂശ് രക്ഷ നൽകുന്നു. പഴയനിയമത്തിൽ ദൈവത്തെ അനുഗമിച്ചവരോടൊപ്പം അവന്റെ സ്വർഗ്ഗീയ രാജ്യത്തിൽ നമ്മെയും അവരെയും ഇരുത്തും–ഉദാഹരണമായി,"അബ്രഹാം, യിസഹാക്ക്, യാക്കോബ്" (മത്താ. 8: 10,11). മത്തായി 26:28 ലും 1 കൊരിന്ത്യർ 11:25 ലും പറയുന്നത് യേശുവിന്റെ രക്തം ചിന്തിയത് നമ്മുടെ പാപങ്ങൾക്കും മുൻ തലമുറയിലെ പാപങ്ങൾക്കും ആയിരുന്നു എന്നാണ്.

ഒരർത്ഥത്തിൽ, പഴയനിയമത്തിൻ കീഴിൽ വിശ്വസ്തരായി ജീവിച്ച ആളുകളുടെ പാപങ്ങളെ ദൈവം കുറെകാലത്തേക്ക് ഒന്നും ചെയ്യാതിരുന്നു എന്നു വേണം കരുതാൻ (റോമർ. 3:25, 26). എങ്ങനെയായാലും, അവരുടെ സ്വർഗ്ഗീയ വാസസ്ഥാനം ക്രിസ്തുവിന്റെ മരണം മുഖാന്തരമാണ് സാധ്യമായത്, ക്രിസ്തു സ്വയമായിട്ടായിരുന്നു തന്റെ സ്വന്തരക്തം കൊടുത്ത് "നിയമത്തെ" മുദ്രയിട്ടത് (മത്താ. 26:28). മുൻ കാലത്തെ ഓർമ്മിപ്പിക്കുന്നതാണ് മരണത്താൽ നിയമത്തെ പ്രാബല്യത്തിൽ ആക്കുന്നു എന്നത്. എന്നാൽ ഇത് നമുക്കുള്ള പുതിയ നിയമമാണ്, എന്നാൽ ദൈവത്തിന് അല്ല താനും.[36] അബ്രഹാമിന് ദൈവം നൽകിയ വാഗ്ദാനം–അവനാലും നമ്മളാലും–ക്രിസ്തുവിൽ നിറവേറുന്നു.

"നിയമം" എന്ന വാക്കിന് (*ഡയാതകെ*), അല്ലെങ്കിൽ "ഉടമ്പടി" എന്ന് നിർവ്വചിക്കാം. എബ്രായ ലേഖനത്തിലെ ഒരു മുഖ്യവാക്കാണ് അത്, ഗ്രീക്കിൽ

അത് പല പ്രാവശ്യം കാണാം. സീനായ് പർവ്വതത്തിൽ വച്ച് ദൈവം നൽകിയ നിയമമായിരുന്നു ലേഖകന്റെ മനസിൽ (8:8–12; പുറ. 24:6–8). "ആ വാക്ക് *ഡയാറ്റിതെമി,* എന്ന മൂലവാക്കിൽ നിന്ന് വന്നതാണ്, *ഡയാ* എന്നതിന്റെ അർത്ഥം 'രണ്ട്' എന്നും *റ്റിതെമി* എന്നതിന്റെ അർത്ഥം 'വെയ്ക്കുക,' അക്ഷരീകമായി അതിന്റെ മൊത്തത്തിലുള്ള അർത്ഥം 'രണ്ടിനും ഇടയ്ക്ക് വയ്ക്കുക' "[37] ഉല്പത്തി 6:18 മുതൽ തിരുവെഴുത്തിൽ ഉടനീളം എബ്രായ വാക്ക് *ബ്രിത്ത്* എന്നതിന് *ഡയാതെകെ* ആണ് LXX തർജ്ജമക്കാർ ഉപയോഗിച്ചിരിക്കുന്നത്. രണ്ട് കക്ഷികൾ തമ്മിലുള്ള കരാറിനാണ് സാധാരണ ആ വാക്ക് ഉപയോഗിക്കുന്നത്. ഒരു മൃഗത്തെ കൊന്ന് യാഗമർപ്പിക്കുന്ന രക്തം കൊണ്ടാണ് ആ കരാർ മുദ്ര വയ്ക്കുന്നത്.

സാധാരണ, ഒരു "മദ്ധ്യസ്ഥൻ" (*മെസിറ്റസ്*), നിയമത്തിന് "ഇടയ്ക്ക് നിൽക്കുന്ന" എന്നാണ്. ആ വാക്ക് യേശു നമ്മുടെ ഏക "മദ്ധ്യസ്ഥൻ" ആകയാൽ ഉചിതമാണ് (1 തിമൊ. 2:5).[38] അക്കാരണത്താൽ ആയിരിക്കാം ദൈവശ്വാസീയ എഴുത്തുകാരനും *ഡയാതെകെ* ഉപയോഗിച്ചത്. ഒരു വ്യക്തിയുടെ അവസാനത്തെ "ഒസ്യത്തും നിയമവും" ആയിട്ടാണ് എബ്രായർ 9:15–17 അവതരിപ്പിച്ചത്. ചിലർ പറയുന്നത് എബ്രായ ലേഖനത്തിൽ ഉടനീളം "നിയമം" എന്ന വാക്ക് ഉപയോഗിക്കേണ്ടിയിരുന്നു എന്നാണ്; എന്നാൽ മറ്റുള്ളവർ രണ്ട് വാക്കുകളും ഉപയോഗിക്കുന്നു: എൻഇബിയിൽ "ഒരു പുതിയ നിയമം, അല്ലെങ്കിൽ ഉടമ്പടി," എന്നത് അക്ഷരീകമായി തർജ്ജമ ചെയ്ക പ്രയാസമാണ്. പുതിയ നിയമത്തിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് "ഒരു വ്യക്തിയുടെ ഒസ്യത്ത് പ്രഖ്യാപനമായിട്ടാണ്, അല്ലാതെ രണ്ട് കക്ഷികളുടെ [ഇടയ്ക്കുള്ള] ഒരു കരാറിന്റെ ഫലമായിട്ടുള്ളതല്ല."[39] അവകാശികൾ പിൻപറ്റേണ്ട നിയമാവലികൾ ഉൾപ്പെടുത്തുന്ന ആശയമാണ് അതിലുള്ളത്. മറ്റ് ഭാഗങ്ങളിൽ അതിന്റെ അർത്ഥം എന്തായാലും "നിയമം" സ്വീകരിക്കേണ്ടതാണ് എന്ന് 9:16, 17 ൽ പറയുന്നു. നിയമ-നിർമ്മാതാവും നിയമ-ദാതാവും യേശു ആയിരിക്കയാൽ, അവൻ സദാ നമ്മുടെ പക്ഷവാദി ആയിരിക്കുന്നു (എബ്രാ. 7:25). ഒരു ഉടമ്പടിയുടേയും നിയമത്തിന്റേയും ആയാലും സന്ദർഭത്തിൽ രണ്ട് അർത്ഥവും ഉപയോഗിച്ചിരിക്കുന്നത് കാണാം. "പുതിയ നിയമം യേശുവിന്റെ മരണത്താൽ സ്ഥിരീകരിക്കുന്നത് ചിത്രീകരിക്കുവാൻ ഒരു 'ഒസ്യത്ത്,' ഒരു 'നിയമം' എന്നതിന് ഡയാകെതെ രണ്ട് അർത്ഥത്തിൽ ലേഖകൻ ഉപയോഗിച്ചിരിക്കുന്നു."[40]

സുവിശേഷ പ്രസംഗത്തോട് പ്രതികരിച്ചവരാണ് **വിളിക്കപ്പെട്ടവർ** (2 തെസ്സ. 2:14). പരിശുദ്ധാത്മാവിനാലോ, കർത്താവിനാലോ ആരെയും ഇന്ന് വ്യക്തിപരമായോ നേരിട്ടോ വിളിക്കുന്നില്ല. പൗലൊസിനെ നേരിട്ട് വിളിക്കുകയായിരുന്നു, എന്നാൽ അത് അപ്പൊസ്തലനാകുവാൻ ഉള്ള യോഗ്യതയ്ക്ക് ആയിരുന്നു, അല്ലാതെ അനുസരണത്തിനുള്ള ക്ഷണം ആയിരുന്നില്ല. ഇരുപത്തി-ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാരെ വേണമെങ്കിൽ അവന് ഇപ്പോൾ വിളിക്കാം; എന്നാൽ അങ്ങനെ വരുമ്പോൾ "അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും" *അടിസ്ഥാനത്തിന്മേൽ* സഭ പണിയുന്നതായിരിക്കുകയില്ല (എഫെ. 2:20; എംഫസിസ് ആഡഡ്). ആരെങ്കിലും ഇന്ന് ദൈവത്തിന്റെ "വിളി" കാത്തിരിക്കുന്നു എങ്കിൽ അയാൾ സമയം പാഴാക്കുകയാണ്.

സുവിശേഷവിളിയോട് പ്രതികരിക്കുന്നവർക്ക് **നിത്യാവകാശം ലഭിക്കും**. "അവകാശം" എന്നത് എബ്രായ ലേഖനത്തിലെ പൊതുവായ ആശയമാണ്.[41] ഗ്രീക്ക് വാക്ക് *ഹെരോണോമിയ* എന്നത് പൗലൊസിന്റെ എഴുത്തുകളിൽ പ

ലപ്പോഴും കാണാം.[42] അതിൽ ക്രിസ്തുവിൽ നമുക്കുള്ള എല്ലാ അനുഗ്രഹ ങ്ങളും ഉൾപ്പെടുന്നു. അവൻ "സകലത്തിനും അവകാശിയും" (1:2), നാം ദൈവത്തിന്റെ കൂട്ടവകാശികളും ആണ് എന്ന് റോമർ 8:17 ൽ "കൂട്ടവകാശി കൾ" എന്നത് അന്തർലീനമാക്കിയിരിക്കുന്നു. യഹൂദ (എബ്രായ) ക്രിസ്ത്യാനി കൾക്ക് ഇത് അബ്രഹാമിന് നൽകിയ വാഗ്ദാനം നിറവേറുന്നതാണ് (എബ്രാ. 6:12, 15, 17). ആ ചിന്ത ഗലാത്യർ 3:6–9, 17, 18, 26–29 ലേതിന് തുല്യമാണ്. "അതിൽ ദൈവം അബ്രഹാമിന് വാഗ്ദാനം ചെയ്ത ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതി മുഴുവൻ ഉൾപ്പെടുന്നു."[43]

അപ്പോൾ, പിന്നെ എന്താണ് ക്രിസ്തു തന്റെ രക്തത്താൽ കൊണ്ടു വന്നത്? അവൻ നമുക്ക് പുതിയ നിയമവും, ശുദ്ധ മനസാക്ഷിയും, നിത്യ വീണ്ടെടുപ്പും നൽകിയിരിക്കുന്നു. ഈ വലിയ രക്ഷയിൽ നമുക്ക് സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യാം.

## ക്രിസ്തു പുതിയ നിയമത്തിന്റെ കർത്താവ്
## (9:16-22)

ഈ വേദഭാഗത്ത് നമുക്കായി നാല് ദൈവീക ആവശ്യങ്ങൾ കൊണ്ടുവന്നി രിക്കുന്നു. "ആവശ്യം" എന്നതിന്റെ ഗ്രീക്ക് വാക്ക് തർജ്ജമ ചെയ്ത് ഈ ഒൻപ ത് വാക്യങ്ങളിൽ രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (വാക്യങ്ങൾ. 16, 23). വർഷങ്ങൾക്ക് മുൻപ് ഒരു ഉപദേഷ്ടാവ് "ദൈവത്തിന് ചെയ്യുവാൻ കഴി യാത്തത് എന്ത്" എന്ന പേരിൽ ഒരു പ്രസംഗം തയ്യാറാക്കി. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ഒരു പോയിന്റെ "ക്രിസ്തുവിന്റെ രക്തം മുഖാന്തരമല്ലാതെ ദൈവത്തിന് നമ്മെ രക്ഷിപ്പാൻ സാധ്യമല്ല" എന്നതായിരുന്നു. എബ്രായ ലേഖ നത്തിന്റെ ഈ ഭാഗമാണ് അദ്ദേഹം അതു പറയുവാൻ തിരഞ്ഞെടുത്തത്. നി യമമായാലും, ഉടമ്പടിയായാലും, അത് ഫലപ്രദമാകുവാൻ ചില നിബന്ധന കൾ പാലിക്കണം.

### ഒരു നിയമം പ്രാബല്യത്തിൽ ആകുമ്പോൾ (9:16, 17)

**16 നിയമം ഉള്ളേടത്തു നിയമകർത്താവിന്റെ മരണം തെളിവാൻ ആവശ്യം. 17 മരിച്ച ശേഷമല്ലോ നിയമം സ്ഥിരമാകുന്നത്; നിയമ കർത്താവിന്റെ ജീവകാ ലത്തോളം അതിന് ഉറപ്പില്ല.**

**വാക്യങ്ങൾ 16, 17.** ആദ്യമായി, "നിയമകർത്താവിന്റെ" **മരണം ആവ ശ്യമാണെന്ന്** കാണുന്നു (കെജെവി), നിയമം അല്ലെങ്കിൽ ഉടമ്പടി *ഡാതെ കെ* ഉണ്ടാക്കിയ ആൾ മരിക്കണം. നിയമ നിർമ്മാതാവ് മരിച്ചാൽ മാത്രമെ നിയമം പ്രാബല്യത്തിൽ വരികയുള്ളു എന്നാണ് ആ വാക്ക് സൂചിപ്പിക്കുന്ന ത്. നിയമ കർത്താവിന്റെ മരണത്തിന്റെ തെളിവ് ആണ് "ആവശ്യം" (*അനാ ഗ്കെ*) എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നത്. അതിനോട് ചേർത്തിരിക്കുന്ന *ഫെരോ* എന്നതിന്റെ അർത്ഥം തെളിവ് നൽകുന്നതുപോലെ, "നടപ്പാക്കുക," അല്ലെങ്കിൽ "കൊണ്ടുവരിക" എന്നാണ്.[44] നിയമം ഉറപ്പാക്കുവാനായി നിയമ കർത്താവിന്റെ മരണം ആവശ്യമാണെന്ന് പുരാതന രേഖയായ പാപിരിയും പറയുന്നു.

അതു കണ്ടെത്തിയ യേശു മരിച്ച ശേഷമാണ് യേശുക്രിസ്തുവിന്റെ

പുതിയ നിയമം അഥവാ ഉടമ്പടി പ്രാബല്യത്തിൽ വന്നത്. അവൻ തന്റെ സഭ പണിയുമെന്ന് പറഞ്ഞു (മത്താ. 16:18), അവൻ തന്റെ നിയമം പ്രാബല്യത്തിലാക്കുകയും ചെയ്തു. അവന്റെ മരണത്താൽ രണ്ട് വാഗ്ദാനങ്ങളും നിറവേറി (മത്താ. 26:28 നോക്കുക). തങ്ങളുടെ മശിഹയുടെ മരണത്തിന്റെ ആവശ്യം മനസിലാക്കുവാൻ യെഹൂദന്മാർക്ക് പ്രയാസം നേരിട്ടു. ആ “ഇടർച്ചക്കല്ല്” മാറുവാനായിരിക്കാം ഈ ചിത്രീകരണം അവർക്ക് നൽകിയത് (1 കൊ. 1:22, 23).

പഴയ നിയമം നിറവേറി എന്നു കാണിക്കുവാനാണ് വീണ്ടും പുതിയനിമത്തിന് ഊന്നൽ കൊടുത്തു പറയുന്നത്. മോശെയുടെ പഴയ നിയമം അനുസരിക്കുന്നതിനേക്കാൾ, നമുക്ക് ഇപ്പോൾ അനുസരിക്കുവാൻ ഒരു പുതിയ നിയമം ഉണ്ട്. പെസഹാ പെരുന്നാൾ സമയത്താണ് യേശു മരിക്കുന്നത്, ഏഴാഴ്ച്ച കഴിഞ്ഞ് വന്ന പെന്തെകൊസ്തുനാളിൽ സഭ സ്ഥാപിതമായി. യേശു തന്റെ യാഗം അർപ്പിക്കുന്നതിനു മുൻപ് ഒരു സ്ഥാപനത്തിനും രക്ഷ പൂർണ്ണമായി നൽകുവാൻ കഴിഞ്ഞിരുന്നില്ല. അതായത്, അവന്റെ മരണത്തിനു മുൻപ് സഭ നിലവിലില്ലായിരുന്നു എന്നർത്ഥം. ഏങ്ങനെയായാലും, അവന്റെ രക്തത്താൽ, അവന്റെ ശരീരമായ സഭ (എഫെ. 1:22, 23; 5:23–25), നിലവിൽ വന്നു. രക്ഷിക്കപ്പെട്ടവരാണ് അതിലെ അംഗങ്ങൾ.

എബ്രായ ലേഖകൻ സംസാരിച്ചത് ഒരു “നിത്യാവകാശത്തെ” കുറിച്ചായിരുന്നു (വാ. 15). ഒരു അവകാശം ദാനമായി ലഭിക്കുവാൻ ഒരു ഒസ്യത്ത് ആവശ്യമാണ്. ക്രിസ്തുവിന്റെ ഒസ്യത്ത് വ്യവസ്ഥകൾ പാലിക്കാതെ രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ക്രിസ്തുവിന്റെ നിയമത്തിന് പുറത്ത് നിൽക്കുവാൻ ശ്രമിക്കുന്നവരാണ്. യേശു മരിക്കുന്നതിന് *മുൻപ്* ആയിരുന്നു ക്രൂശിലെ കള്ളൻ രക്ഷിക്കപ്പെട്ടത്. ക്രിസ്തു അന്നു ജീവിച്ചിരുന്നതിനാൽ, പ്രത്യേകമായി ആരെയും രക്ഷിക്കുവാനുള്ള അധികാരം ഉണ്ടായിരുന്നു. കള്ളൻ യേശുവിന്റെ അവസാനത്തെ നിയമവും ഒസ്യത്തും അനുസരിച്ചല്ല രക്ഷിക്കപ്പെട്ടത്. ആ തത്വം നാം മനസിലാക്കണം; സ്വർഗത്തിലേക്കുള്ള അവന്റെ വഴി അല്ല നമ്മുടേത്. ഇന്ന് രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം എന്ന് അറിയുവാൻ ആഗ്രഹിക്കുന്നവർക്ക് ദൈവത്തിന്റെ രക്ഷാമാർഗം പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. കർത്താവിന്റെ മരണശേഷം അലങ്കാര ഭാഷ ഉപയോഗിക്കാതെ ക്രിസ്തുവിന്റെ നിയമത്തിലെ പാപക്ഷമാപണ നിബന്ധനകൾ തുറന്നു കാണിച്ചുകൊടുക്കണം (മത്താ. 28:18–20; മർ. 16:15, 16; ലൂക്കൊ. 24:46, 47).

ക്രൂശിലെ മരണത്തിന് മുൻപ്, യേശു പുതുജനനത്തിന്റെ ഒരു അലങ്കാരം നൽകിയിരുന്നു. ആളുകളോട് പുതിയ നിയമത്തിലെ നിബന്ധനകൾ പ്രസംഗിക്കുകയും അതനുസരിക്കുവാൻ അപേക്ഷിക്കുകയും ചെയ്യുവാനാണ് നമുക്ക് കഴിയുന്നത്. “നിയമമായി തീർന്ന അവന്റെ ഒസ്യത്തിലെ” നിബന്ധനകൾ അനുസരിക്കുവാൻ പറയുകയല്ലാതെ നമുക്ക് ഒന്നിനും കഴിയുകയില്ല.[45]

നമ്മുടെ നിയമ കർത്താവായ രക്ഷിതാവിന്റെ ഇഷ്ടമെന്താണ്? “വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും” എന്ന് മർക്കൊസ് 16:15, 16 ൽ അവൻ പറഞ്ഞിരിക്കുന്നതല്ലാതെ നമുക്ക് മറ്റെന്തു പറയുവാൻ കഴിയും? അതാണ് അവന്റെ ഇഷ്ടം! ഒരാൾ സുവിശേഷം അനുസരിക്കുവാൻ കൂട്ടാക്കിയില്ലെങ്കിൽ എന്തു സംഭവിക്കും? ആ ചോദ്യം 1 പത്രൊ 4:16, 17 ലും ചോദിക്കുകയും, ഉത്തരം 2 തെസ്സലൊനിക്യർ 1:6–10 ൽ

നൽകുകയും ചെയ്തിരിക്കുന്നു: നിത്യനാശം ആണ് അനന്തരഫലം. രക്ഷക്ക് വിശ്വാസം മാത്രം മതി എന്നു പറഞ്ഞ് അവസാനിപ്പിക്കുന്നതല്ല ക്രിസ്തുവിന്റെ ഇഷ്ടം. സ്നാനപ്പെടാത്ത ഒരു ശിഷ്യനെയും പുതിയ നിയമം നമ്മെ പരിചയപ്പെടുത്തുന്നില്ല എന്ന് എഫ്. എഫ്. ബ്രൂസ് പറഞ്ഞത് വളരെ ശരിയാണ്.[46]

**പഴയ നിയമത്തിലെ രക്തം (9:18–20)**

**[18]അതുകൊണ്ട് ആദ്യനിയമവും രക്തം കൂടാതെ പ്രതിഷ്ഠിച്ചതല്ല. [19]മോശെ ന്യായപ്രമാണപ്രകാരം കല്പനയൊക്കെയും സകല ജനത്തോടും പ്രസ്താവിച്ചശേഷം പശുക്കിടാക്കളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തെ വെള്ളവും ചുവന്ന ആട്ടുരോമവും ഈസോപ്പുമായി എടുത്തു പുസ്തകത്തിന്മേലും സകല ജനത്തിന്മേലും തളിച്ചു: [20]"ഇത് ദൈവം നിങ്ങളോടു കല്പിച്ച നിയമത്തിന്റെ രക്തം" എന്നു പറഞ്ഞു.**

**വാക്യങ്ങൾ 18, 19**. പഴയ നിയമം നീങ്ങപ്പെടേണ്ടതിന് രക്തത്തിന്റെ ആവശ്യമായി മറ്റൊന്നു പറഞ്ഞിരിക്കുന്നു: **ആദ്യ നിയമവും രക്തം കൂടാതെ പ്രതിഷ്ഠിച്ചതല്ല** (വാ. 18).

"രക്തത്താൽ പ്രതിഷ്ഠിച്ച" "ആദ്യ നിയമം" ഏതാണ്?[47] അത് **മോശെയുടെ** ന്യായപ്രമാണമാണെന്ന് സ്പഷ്ടം. ഈ സത്യത്തെ സ്ഥിരീകരിക്കുന്നതാണ് പുറപ്പാട് 24:1–8. മോശെ സിനായ് പർവ്വതത്തിന്റെ താഴെ നിർമ്മിച്ചതായ യാഗപീഠത്തിൽ, "വഴിപാടിന്റെ പകുതി **രക്തം** യാഗപീഠത്തിൽ തളിച്ചു."[48] ഇതുമായി തികച്ചും യോജിക്കുന്ന വിധത്തിലാണ് യേശുവിന്റെ രക്തത്താൽ പുതിയ നിയമം പ്രതിഷ്ഠിക്കുവാനിരുന്നത് (മത്തായി. 26:28).

വിശ്വസ്തരായ കർത്താവിന്റെ ശിഷ്യന്മാർ ആഴ്ച്ചതോറും കൂടി വന്ന് അവന്റെ മരണത്തെ പ്രസ്താവിക്കുന്നതായി പങ്കിടുന്നത് യേശു ക്രൂശിൽ സ്വീകരിച്ച യാഗത്തെ ആണ് അനുസ്മരിക്കുന്നത് (1 കൊ. 11:23–29).[49] നമ്മുടെ പാപങ്ങൾക്ക് വില കൊടുത്ത് പുതിയ നിയമം പ്രാബല്യത്തിൽ വരുത്തുന്നത് കാണുവാൻ നാം പുറകിലേക്കാണ് നോക്കുന്നത്; കൂടാതെ നിയമ കർത്താവിനെ ഒരിക്കൽ കാണാമെന്ന പ്രതീക്ഷയിൽ നാം മുൻപോട്ട് ആഞ്ഞുകൊണ്ടിരിക്കുന്നു.

**വാക്യങ്ങൾ 19, 20. നിയമത്തിന്റെ രക്തം** (വാ. 20) എന്ന പ്രയോഗം പുറപ്പാട് 24:3–8 ൽ നിന്നെടുത്തതാണ്. പുസ്തകത്തിന്മേൽ രക്തം തളിക്കുന്ന[തായി] പുറപ്പാട് പുസ്തകത്തിൽ പറയുന്നില്ല (വാ. 19), എന്നാൽ അത് പൊതുവായ പരിശീലനമായി തീർന്നിരുന്നു അന്ന്. രൂപകാലങ്കാരമായി പുതിയ നിയമത്തിന്റെ ഓരോ പേജിലും രക്ത തളി നമുക്ക് കാണാം. പഴയ നിയമത്തിന്റെ പല ഭാഗങ്ങളിലും ക്രൂശിന്റെ സംഭവം അന്തർലീനമാക്കിയിരിക്കുന്നതായി നമുക്ക് കാണാം. പാപത്തെ ശിക്ഷിക്കുന്ന ഓരോ സംഭവത്തിന്റേയും പിന്നിൽ കരുണ മറഞ്ഞിരിക്കുന്നത് നമുക്ക് കാണാം, അത് മറ്റുള്ളവർ അതേ പാപം ചെയ്ത് അതേ ശിക്ഷ വാങ്ങാതിരിക്കുന്നതിന് മറ്റുള്ളവരെ മുന്നറിയിക്കുന്നതായിരുന്നു (ഉദാഹരണത്തിന്, ലേവ്യ. 10:1–11 ലേതുപോലെ). പുറപ്പാടു പുസ്തകത്തിൽ പറയുന്നത് **വെള്ളം, ചുവന്ന കമ്പിളി വസ്ത്രം, ഈസോപ്പ്** എന്നിയാണ് (വാ. 19). ആ വൈവിധ്യങ്ങളുടെ ഉറവിടം നമുക്ക് അറിയില്ല; നമുക്ക് ലഭ്യമല്ലാത്ത കാര്യങ്ങളാണ് എബ്രായ ലേഖകൻ കൊണ്ടു

വന്നിരിക്കുന്നത്.[50] ബൈബിൾ എഴുതിയ ഓരോ ലേഖകനും ഉദ്ദേശത്തിനാവശ്യമായ കാര്യങ്ങൾ ആത്മനിയോഗത്താൽ ചേർക്കുകയായിരുന്നു.

കമ്പിളി സാധാരണ തളിക്കുവാനുള്ള രക്തം കൊണ്ടുപോകുവാനായിരുന്നു ഉപയോഗിച്ചിരുന്നത്. മോശെയുടെ പ്രസ്താവന (വാ. 20 ൽ പറഞ്ഞിരിക്കുന്നത്) യേശു മത്തായി 26:28 ൽ പറഞ്ഞിരിക്കുന്നത് പോലെയാണ്. ജോസെഫസ് അഭിഷേകം എന്നതിനെ കുറിച്ച് എഴുതിയതിൽ, എബ്രായലേഖനത്തിലെ ലിസ്റ്റ് അങ്ങനെ തന്നെ കാണാം.[51]

**രക്തം കൂടാതെ ഒന്നും മോചിക്കപ്പെട്ടിരുന്നില്ല (9:21, 22)**

**[21]അങ്ങനെതന്നെ അവൻ കൂടാരത്തിന്മേലും ആരാധനയ്ക്കുള്ള ഉപകരണത്തിന്മേലും എല്ലാം രക്തം തളിച്ചു. [22]ന്യായപ്രമാണ പ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല.**

**വാക്യങ്ങൾ 21, 22.** ഈ വേദഭാഗത്ത് നാം കാണുന്ന മൂന്നാമത്തെ ആവശ്യമാണ് നമ്മുടെ പാപമോചനത്തിനുള്ള **രക്തം ചിന്തൽ**. യേശുവിന്റെ മരണം കൂടാതെ നമ്മുടെ **പാപങ്ങൾ മോചിക്കുന്നത്** അസാധ്യമായിരുന്നു.

9:19, 20 ൽ പറഞ്ഞ സംഭവത്തിന് ശേഷമാണ് സമാഗമന കൂടാരത്തിന്റെ തളി[ക്കൽ] സംഭവിച്ചത്, കാരണം അന്ന് ന്യായപ്രമാണം നൽകിയ സമയമുണ്ടായിരുന്നു (പുറ. 24:1–8; 40:9–11 നോക്കുക). ആ സമയത്ത് പാത്രങ്ങളെ തളിക്കൽ സംബന്ധിച്ച് മോശെ നിശബ്ദനായിരുന്നു, എന്നാൽ നിശബ്ദത അത് സംഭവിച്ചിട്ടില്ല എന്നതിന്റെ തെളിവല്ല.[52] യഹൂദന്മാർക്ക് വാമൊഴിയായതും എഴുതപ്പെട്ടതുമായ പാരമ്പര്യങ്ങൾ ഉണ്ടായിരുന്നു, ചിലത് വിശ്വസനീയവും ലേഖകൻ ഉപയോഗിച്ചിരുന്നതുമാണ്. തെറ്റിനെതിരായുള്ള ദൈവീക മുന്നറിയിപ്പ് ലേഖകൻ നൽകി.

പഴയനിയമത്തിൽ രക്തം കൂടാതെ ശുദ്ധീകരണമില്ലാതിരുന്നതിനാൽ, തീർച്ചയായും നമ്മുടെ പാപങ്ങളുടെ മോചനത്തിനും രക്തം ആവശ്യമാണ്. “ചെറുതിൽ നിന്ന് വലുതിലേക്കുള്ള” വാദമാണ് ഇവിടെ വീണ്ടും കാണുന്നത്, മൃഗയാഗവും യേശുക്രിസ്തുവിന്റെ യാഗവും ഉദാഹരണമായി എടുക്കാം. പഴയനിയമത്തിൻ കീഴിൽ ഉപയോഗിച്ച കുറവുള്ള അനുഗ്രഹത്തിൽ നിന്ന് പൂർണ്ണ രക്ഷയിലേക്ക് നാം നീങ്ങുന്നു; പുതിയ നിയമത്തിൽ ക്രൂശിക്കപ്പെട്ട പുത്രന്റെ രക്തമാണ് പൂർണ്ണമായും രക്ഷിക്കുന്നത്. ക്രിസ്തുവിന്റെ രക്തത്തിന്റെ പ്രാധാന്യം, നമ്മുടെ പാപങ്ങളിൽ നിന്ന് തികച്ചും രക്ഷിക്കുന്നു. ആ വലിയ ത്യാഗം കൂടാതെ ഒരൊറ്റ ആത്മാവ് പോലും രക്ഷിക്കപ്പെടുന്നില്ല. വീണ്ടെടുപ്പിന് യേശുവിന്റെ അടുക്കലേക്ക് വരുന്നവർക്ക് മാത്രമാണ് യേശുവിന്റെ രക്തത്തിന്റെ ഫലം അനുഭവിക്കുന്നത് (വെളി. 1:5); “നാം വെളിച്ചത്തിൽ നടക്കുന്നിടത്തോളം” ആ ശുദ്ധീകരണം തുടർച്ചയായി നടക്കുന്നു (1 യോഹ. 1:7).

വാക്യം 22 ലെ നിയമങ്ങൾക്ക് തിരുവെഴുത്തിൽ വിരളമായ ഒഴികഴിവ് ആണ് ഉള്ളത്-രക്തം എല്ലായിപ്പോഴും ഒരു ശുദ്ധീകരണ ഏജന്റ് ആണ്–എന്നാൽ പൊതുവായ നിയമം നിലനില്ക്കുന്നു. ലേവ്യാപുസ്തകം 5:11 പറയുന്നത് രണ്ട് കുറുപ്രാവുകളെ പാപമോചനത്തിനുള്ള യാഗമർപ്പിക്കുവാൻ കഴിവില്ലാത്തവർക്ക് നിർദ്ദേശം കൊടുത്തിരുന്നു: അങ്ങനെയുള്ള വ്യക്തിയെ

അതിനു പകരം ഒരി-ടങ്ങഴി മാവ് അർപ്പിച്ചാൽ മതിയായിരുന്നു (ലേവ്യ. 5:11-13 നോക്കുക). എങ്ങനെയായാലും പാപങ്ങൾ പൂർണ്ണമായി മോചിക്കപ്പെടുവാൻ, ഒരു ഒഴികഴിവും കൊടുത്തതായി കാണുന്നില്ല-പാപത്തിൽ നിന്നുള്ള രക്ഷയ്ക്ക് എല്ലായിപ്പോഴും രക്തം ചിന്തൽ ആവശ്യമായിരുന്നു. മറ്റുള്ളവർ യാഗത്തിന് രക്തം അർപ്പിക്കുമ്പോൾ, സാധുക്കളായ ചിലരെ മാവ് അർപ്പിക്കുവാൻ അനുവദിക്കുമ്പോൾ അത് തുല്യമാകുമായിരുന്നോ? അവർ യാഗപീഠത്തിന്മേൽ മാവ് അർപ്പിച്ചിരുന്നത് രക്തം അർപ്പിച്ചതിന് മുകളിൽ ആയിരിക്കാനാണ് സാധ്യത (ലേവ്യ. 5:12).

പാപം ഗൗരവമുള്ളതാണെന്ന് യിസ്രായേലിനെ ബോധ്യമാക്കുന്നതായിരുന്നു ജീവനുള്ള മൃഗരക്തം അർപ്പിക്കുവാൻ അവരോട് ആവശ്യപ്പെട്ടത്. രണ്ടു കോലാടുകളെ അതിനായി ഉപയോഗിച്ചിരുന്നു: ഒന്ന് "യാഗമൃഗം" ആയി ആലങ്കാരികമായി പാപത്തെ മരുഭൂമിയിലേക്ക് അയക്കുന്നതും മറ്റൊന്നിനെ കൊന്ന് രക്തം അതിവിശുദ്ധ സ്ഥലത്തെ കൃപാസനത്തിൽ തളിക്കുന്നതുമായിരുന്നു. "രണ്ട് പ്രവൃത്തികളും യേശുവിന്റെ മരണത്തിലേക്ക് നയിക്കുന്നതും വിശ്വാസികളെ എന്നേക്കുമായി മലിനം നീക്കി ശുദ്ധീകരിക്കുന്നതും ആണ്."[53]

വെള്ളത്താലുള്ള കഴുകൽ (വാ. 19), രക്തനിയമത്തിന് ഒഴികഴിവുകൾ ഉള്ളതായിട്ടാണ് ചില വ്യാഖ്യാതാക്കൾ പറയുന്നത്, അത് ലേവ്യാപുസ്തകം 15:13-27 ലും സംഖ്യാപുസ്തകം 19:7-19 ലും കാണാം. അവ "വൃത്തിയുള്ളതും ആഘോഷപരവും" കൂടാതെ "രക്തം-ചിന്തലില്ലാതെയുള്ള പ്രവൃത്തിയും ആയിരുന്നില്ല എന്ന് തോന്നുന്നു."[54]

## ദൈവസാന്നിധ്യത്തിലേക്കുള്ള ക്രിസ്തുവിന്റെ പ്രവേശനം (9:23-28)

### സ്വർഗ്ഗീയ മാതൃകകൾ (9:23, 24)

**[23]ആകയാൽ സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബങ്ങളെ ഈ വകയാൽ ശുദ്ധമാക്കുന്നത് ആവശ്യം. സ്വർഗീയമായവയ്ക്കോ ഇവയെക്കാൾ നല്ല യാഗങ്ങൾ ആവശ്യം. [24]ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധ മന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവ സന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗത്തിലേക്കത്രേ പ്രവേശിച്ചത്.**

**വാക്യം 23.** നാലാമത്തെ ആവശ്യം നല്കിയിരിക്കുന്നു: **ആകയാൽ സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബങ്ങളെ ഈ വകയാൽ ശുദ്ധമാക്കുന്നത് ആവശ്യം.**

ഒരിക്കൽ കൂടെ, ക്രിസ്തു സ്വർഗ്ഗത്തിൽ പ്രവേശിച്ചത് നാം കാണുന്നു (വാ. 24). നാം ഇപ്പോഴും "എബ്രായലേഖനത്തിന്റെ കേന്ദ്രഭാഗത്ത്" തന്നെയാണ്. സമാഗമന കൂടാരത്തിലെ പാത്രങ്ങൾ ശുദ്ധീകരിക്കാതെ ഉള്ള ആരാധന സ്വീകാര്യമായിരുന്നില്ല എന്ന് കാണിക്കുന്നതാണ് "അത് ആവശ്യമായിരുന്നു" എന്ന പ്രയോഗം. രക്തതളിയാലുള്ള ശുദ്ധീകരണം കൂടാതെ നിയമപുസ്തകം പോലും, ഉപയോഗിച്ചിരുന്നില്ല. അതുകൊണ്ട്, നമ്മുടെ "പൗരോഹിത്യ ഭരണം മുഴുവൻ" രക്തം കൂടാതെ വിലയുള്ളതാകുന്നില്ല.[55]

**വിശേഷതയുള്ള യാഗങ്ങളും സ്വർഗ്ഗീയമായവയും** എന്താണ്? സ്പഷ്ട

മായും അർത്ഥമാക്കുന്നത് ക്രിസ്തുവിന്റെ ഏക യാഗത്തെയാണ്, കാരണം അത് പഴയനിയമ യാഗങ്ങളുടെ എല്ലാം നിവൃത്തീകരണമാണ്. ഭൗമീക കൂടാരത്തിലെ കാര്യങ്ങളെല്ലാം സ്വർഗ്ഗീയ യാഥാർത്ഥ്യത്തിന്റെ "പകർപ്പുകൾ" മാത്രമായിരുന്നു 8:2–5 ൽ, സഭയുടെ ദൃഷ്ടാന്തമായിരുന്ന വിശുദ്ധ സ്ഥലമിന്നു അതിവിശുദ്ധ സ്ഥലം സ്വർഗ്ഗത്തിന്റെ ദൃഷ്ടാന്തവും ആണ്.

തീർച്ചയായും സ്വർഗ്ഗത്തിലാണ്, ദൈവം വസിക്കുന്നത് എന്ന് പറയുമ്പോൾ, അവിടെ രക്തയാഗത്താലുള്ള ശുദ്ധീകരണം ആവശ്യമില്ല. എങ്ങനെയായാലും, ആ "വസ്തുക്കൾ" എന്നിവയിൽ ഭൂമിയിലെ ആത്മീയ കാര്യങ്ങളും-പ്രത്യേകിച്ച്; സഭ അല്ലെങ്കിൽ "സ്വർഗ്ഗരാജ്യവും," എന്നതിൽ ഉൾക്കൊള്ളുന്നത് പാപത്തിൽ നിന്ന് രക്ഷിക്കപ്പെട്ടവരാണ്. സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കുന്ന ഏതൊരു ദൈവ പൈതലിനും ഈ ഭൂമിയിൽ, വിവരിച്ചിരിക്കുന്ന മാതൃകയിൽ തന്നെ ശുദ്ധീകരിക്കപ്പെടണം. "സ്വർഗ്ഗീയമായവ," എന്ന് പറഞ്ഞിരിക്കുന്നത് ഭൂമിയിലെ സഭയാകുന്ന, സ്വർഗ്ഗരാജ്യം ആയിരിക്കാം.[56]

ഈ പോയിന്റ് മനസ്സിലാക്കാത്തതിനാൽ, പിശാചിന്റെ സാന്നിധ്യത്തിന് അല്ലെങ്കിൽ സ്വർഗ്ഗത്തിലെ ദുഷ്ട ദൂതന്മാർക്കും ശുദ്ധീകരണം ആവശ്യമാണെന്നാണ് ചിലർ കരുതുന്നത് (എഫെ. 6:12; വെളി. 12:3–9).[57] നമുക്കും മുഴുവൻ മനസ്സിലാകാത്ത ദൃഷ്ടാന്തമാണ് ലേഖകൻ ഉപയോഗിച്ചിരിക്കുന്നത് എന്ന് തോന്നുന്നു. കുറച്ച് പേർ ചിന്തിക്കുന്നത് അതിലെ കുറേ പേർ മുൻപ് തന്നെ രക്ഷിക്കപ്പെട്ടവരായിരുന്നു എന്നാണ്-അതുകൊണ്ട് എബ്രായ ലേഖനം എഴുതുമ്പോഴേക്കും അവർ സ്വർഗ്ഗത്തിൽ പ്രവേശിച്ചു എന്നാണ് അവർ കരുതുന്നത്-അപ്പോഴും അവരുടെ പാപങ്ങൾ പൂർണ്ണമായും മോചിക്കപ്പേടേണ്ടിയിരുന്നു. എങ്ങനെയായാലും, ആ കാഴ്ചപ്പാട് ശരിയായിരിക്കയില്ല, കാരണം അത് ക്രിസ്തുവിന്റെ രക്തം പൂർണ്ണമായി രക്ഷിക്കുന്നതിനെ തള്ളിക്കളയുകയാണ്. ക്രൂശിൽ തന്റെ രക്തം ചിന്തിയശേഷം, യേശു രക്തവുമായി സ്വർഗ്ഗത്തിൽ പ്രവേശിച്ചു. അവിടെ, അവൻ നമ്മുടെ പ്രതിനിധിയായി ഇപ്പോഴും തുടരുന്നു.

**വാക്യം. 24.** ഇപ്പോൾ എന്ന വാക്ക് പുതിയ നിയമത്തിലെ "മശിഹയുടെ ഇപ്പോഴത്തെ ശുശ്രൂഷ വ്യത്യസ്ത മനോഭാവത്തെയും, പ്രത്യേക സമ്പത്തിനേയും" "തുടർച്ചയായ നിലയിൽ തന്നെത്തന്നെ സ്വർഗ്ഗീയമായ അതിവിശുദ്ധ സ്ഥാനത്ത് കാണിക്കുന്നു."[58] നമ്മുടെ ഗുണത്തിന് വേണ്ടിയാണ് ക്രിസ്തു അവിടെ ആയിരിക്കുന്നത്. 7:25 ൽ ഊന്നി പറയുന്നത് പോലെ അവൻ പ്രവർത്തിക്കുന്നത് നമുക്ക് വേണ്ടിയാണ്.

"വിശേഷതയേറിയ യാഗങ്ങൾ" (വാ. 23) നമ്മെ ഓർപ്പിക്കുന്നത് എബ്രായ ലേഖനത്തിലെ "വിശേഷതകൾ" ആണ്.[59]–വിശേഷതയേറിയ പ്രത്യാശയടക്കം (7:19), ശ്രേഷ്ഠമായ ഒരു നിയമവും (7:22; 8:6), ശ്രേഷ്ഠമേറിയ വാഗ്ദാനങ്ങളും (8:6) ഉൾപ്പെടുന്നു. അവയെല്ലാം തുടങ്ങിയത് ശ്രേഷ്ഠമായ ഒരു യാഗത്തിൽ നിന്നാണ് (9:23). ഒരിക്കൽ കൂടെ ക്രിസ്തു ചെയ്തതും നമുക്കു നൽകിയതും വിശേഷതയുള്ളതാണെന്ന് തെളിയിക്കുന്നു.

വാക്യം 24 നമ്മെ ബോധ്യപ്പെടുത്തുന്നത് സമാഗമന കൂടാരം എന്നത് യാഥാർത്ഥ്യത്തിന്റെ ഒരു **പകർപ്പ്** (*ദൃഷ്ടാന്തം*) ആയിരുന്നതിനാലാണ്; ആധികാരികമായ ഒരു "പ്രതിനിധാനം."[60] ഇവിടെ പറയുന്ന സ്വർഗ്ഗം വാസ്തവത്തിൽ ഉള്ളതും, സമാഗമന കൂടാരം ഭൂമിയിലെ പതിപ്പും ആയിരുന്നു.

സഭയുടെ ഒരു സാദൃശമായിരുന്നു സമാഗമന കൂടാരം, അത് "സ്വർഗ്ഗീയ യെരുശലേം" ആണ്, "പൊതുവായ സഭായോഗം," "ആദ്യജാതന്മാരുടെ സഭ,"

ആലങ്കാരികമായി അത് "സീയോൻ പർവ്വതം" ആണ് (12:22-24). ആ ആശയങ്ങളെല്ലാം ഇപ്പോൾ സഭയിൽ നിവൃത്തിയായിരിക്കുന്നു, അതിലെ അംഗങ്ങളെ സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുകയാണ് കാരണം "സകല ജീവികളെയും ന്യായം വിധിക്കുന്ന ദൈവത്തിങ്കലേക്ക്" അവർ വന്നിരിക്കുന്നു.

സമാഗമന കൂടാരത്തേക്കാൾ നല്ല രീതിയിൽ സഭ സ്വർഗ്ഗത്തെ പ്രതിഫലിപ്പിക്കുന്നു. അത് വാസ്തവത്തിലുള്ള സ്വർഗ്ഗത്തിന്റെ പൂമുഖവും അതിൽ വിശ്വസ്തരായവർ നിത്യമായ യാഥാർത്ഥ്യത്തിൽ വസിക്കുന്നവരുമാണ്. ആ ചിന്തകളെല്ലാം ഒരുമിച്ച് ചേർന്നിരിക്കുന്നു; സ്വർഗ്ഗം ദൈവപദ്ധതിയുടെ പൂർത്തീകരണമാണ്. മനുഷ്യന്റെ വീണ്ടെടുപ്പാണ് ആ പദ്ധതിയുടെ ഉദ്ദേശം.

തന്റെ ജനത്തിന്റെ രക്ഷയ്ക്ക് ദൈവീക നിബന്ധനകളെ ആളുകൾ പാലിക്കേണ്ടതായിട്ടുണ്ട്. അവയെല്ലാം ക്രിസ്തുവിന്റെ രക്തത്താലാണ് പൂർത്തീകരിക്കുന്നത്. അവന്റെ മരണം പുതിയ നിയമം പ്രാബല്യത്തിലാക്കി. അവന്റെ രക്തം നമ്മുടെ പാപങ്ങളെ അകറ്റി-ക്രിസ്ത്യാനികളുടെ പാപങ്ങൾ മാത്രമല്ല, പഴയനിയമകാലത്തിലെ മൃഗയാഗങ്ങൾ വർഷംന്തോറും അർപ്പിച്ച്, അവന്റെ തികവുള്ള യാഗത്തിനായി കാത്തിരുന്നവരുടേയും. സ്വർഗ്ഗീയമായവയുടെ "ദൃഷ്ടാന്തങ്ങൾ" അവന്റെ രക്തത്താൽ ശുദ്ധീകരിക്കാൻ അനുവദിച്ചാൽ ദൈവ സന്നിധിയിലേക്ക് പ്രവേശിപ്പാൻ ക്രിസ്തു നമ്മെ പ്രാപ്തരാക്കും.

"ഒരിക്കൽ എന്നേക്കുമായി" (10:10) എന്നതാണ് ക്രിസ്ത്യാനിത്വത്തിന്റെ സ്വഭാവം. അത് യഹൂദ മതത്തേക്കാൾ വലുതാണ് കാരണം അത് അന്ത്യകാലത്തേക്കുള്ള ദൈവത്തിന്റെ അവസാന നിയമമാണ്. "ഒരിക്കൽ" എന്ന് എബ്രായർ 9:25-28 ലെ പ്രയോഗം ശ്രദ്ധിക്കുക.

**ഒരിക്കൽ യേശു അർപ്പിക്കപ്പെട്ടു (9:25, 26)**

**25മഹാപുരോഹിതൻ ആണ്ടുതോറും അന്യരക്തത്തോടുകൂടെ വിശുദ്ധമന്ദിരത്തിൽ പ്രവേശിക്കുന്നതുപോലെ അവൻ തന്നെത്താൻ കൂടെക്കൂടെ അർപ്പിപ്പാൻ ആവശ്യമില്ല. 26അങ്ങനെയായാൽ ലോകസ്ഥാപനം മുതൽക്ക് അവൻ പലപ്പോഴും കഷ്ടമനുഭവിക്കേണ്ടിയിരുന്നു. എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്തയാഗം കൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി.**

**വാക്യം 25.** പഴയനിയമത്തിലേയും പുതിയ നിയമത്തിലേയും യാഗങ്ങൾ അർപ്പിക്കുന്നതിലെ സമാനതകൾ കാണിച്ച്, എബ്രായ ലേഖകൻ വ്യത്യാസവും കാണിച്ചു തുടങ്ങുന്നു. വാക്യം 24 വ്യത്യാസങ്ങളെ പരിചയപ്പെടുത്തുകയാണ്. യേശു സ്വർഗ്ഗത്തിലേക്കാണ് പോയത്, അല്ലാതെ ഭൗമീകമായ **വിശുദ്ധ സ്ഥല**ത്തേക്കല്ല. **തന്നേയും** തന്റെ **രക്ത**ത്തേയും അവൻ തുടർച്ചയായി അവിടെ അർപ്പിക്കുന്നില്ല, കാരണം അവൻ ഒരിക്കൽ എന്നേക്കുമായിട്ടാണ് ചെയ്തത്. പഴയ നിയമ **പുരോഹിതൻ** തന്റെ **സ്വന്ത** രക്തമല്ല അർപ്പിച്ചത്; അങ്ങനെ അവൻ ചെയ്താൽ അവിടെ മുഴുവൻ "പാപ-ക്കറ" ആയിരിക്കും. കൂടാതെ, പുതിയ വ്യവസ്ഥ പഴയതുപോലെ ആയാൽ യേശു ഓരോ വർഷവും ക്രൂശിൽ കയറേണ്ടി വരും. അവസാനത്തെ വ്യത്യാസമാണ് അദ്ധ്യായം 9 ലെ ശേഷിച്ച ഭാഗത്ത് ഊന്നി പറയുന്നത്.

"വിശുദ്ധ സ്ഥലം" (*ഹാഗിയോസ്*) എന്ന വാക്ക് ഗ്രീക്കിൽ ബഹുവചനമാ

ണ്, അത് തർജ്ജമ ചെയ്ത് വ്യഖ്യാനിച്ചിരിക്കുന്നത് "അതിവിശുദ്ധ സ്ഥലം" അല്ലെങ്കിൽ "ഉന്നതമായ വിശുദ്ധ സ്ഥലം" (എൻകെജെവി; എൻഐവി).[61] കൂടാതെ, **പ്രവേശിക്കുന്നു** എന്നത് വർത്തമാനകാലത്തിലാണ്, അത് സൂചി പ്പിക്കുന്നത് എബ്രായലേഖനം എഴുതുമ്പോഴും ദൈവാലയത്തിൽ മഹാപു രോഹിതൻ തന്റെ ശുശ്രൂഷ നിർവ്വഹിച്ച് കൊണ്ടിരിക്കുന്നതായിട്ടാണ്.[62]

വാക്യം 25 ലും 26 ലും മൂന്ന് സത്യങ്ങൾ പറയുന്നു: (1) ക്രിസ്തു നിത്യ നാണ്. (2) അവന്റെ യാഗം പുറകോട്ട് പോയി കഴിഞ്ഞ തലമുറകളുടെ പാ പപരിഹാരത്തിന് പ്രവർത്തിക്കുന്ന (9:15 കാണുന്നത് പോലെ), (3) അവൻ സ്വന്ത രക്തമാണ് നല്കിയത്, എന്നാൽ പഴയ നിയമ മഹാപുരോഹിതൻമാർ മൃഗരക്തം മാത്രമാണ് നൽകിയത്. അപ്പോൾ ക്രിസ്തു അത് ആവർത്തിച്ച് ചെയ്യേണ്ടതില്ല എന്നർത്ഥം. അവൻ തുടർച്ചയായി സ്വർഗ്ഗത്തിൽ തന്നെത്താൻ അർപ്പിച്ച് കൊണ്ടിരിക്കുന്നുവെന്ന് പറയുന്നതും അത് കൊണ്ട് ഭൂമിയിലെ നി രന്തരമായ കുർബ്ബാനകൾ ആ യാഗത്തെ പ്രതിനിധാനം ചെയ്യുന്നു എന്ന് പ റയുന്നതും ഈ വേദ ഭാഗത്തിന് വിപരീതമാണ്.[63] അത്തരം ഉപദേശം ഈ ലേഖനത്തിന് എതിരാണ്. അവൻ ഭൂമിയിൽ വച്ച് ഒരിക്കൽ എന്നേക്കുമായി അർപ്പിച്ച യാഗത്തിന്റെ ഫലമായിട്ടാണ് കൃപാസനത്തിലേക്ക് പോയി നിത്യ മായി പ്രത്യക്ഷനാകുന്നത്.

9:24–28 ൽ പറയുന്ന യേശുവിന്റെ മൂന്ന് "പ്രവേശനങ്ങൾ" ശ്രദ്ധിക്കുക. വാക്യം 24 ൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചതായി പറയുന്നു. വാക്യം 26 കാണിക്കുന്നത് "ഒരിക്കൽ കാലാകാലത്തേക്ക് പൂർത്തീകരിച്ച് അവൻ പ്ര ത്യക്ഷനായിരിക്കുന്നു," എന്നും വാക്യം 28 ൽ പറയുന്നത് അവൻ "രണ്ടാമത് പ്രത്യക്ഷനാകും." പൗലൊസ് പറയുന്നത്, "ജഡത്തിൽ *വെളിപ്പെട്ടവൻ* [പ്ര ത്യക്ഷനായി]" (1 തിമൊ. 3:16; എംഫസിസ് ആഡഡ്), വാക്യം 26 ൽ ഉള്ള ക്രിയയുടെ രൂപഭേദമാണ് അവൻ അവിടെ ഉപയോഗിച്ചത്: *ഫാനെരു.*

**വാക്യം 26**. ഒരിക്കൽ കാലങ്ങൾ പൂർത്തിയാക്കിയാൽ എന്ന് പറയുന്നത് "അന്ത്യകാലത്തെയാണ്" (1:2). ലോക ചരിത്രത്തിലെ അവസാന കാലഘട്ടത്തി ലാണ് അല്ലെങ്കിൽ കാല പരമ്പരകളുടെ അവസാനമാണ് നാം ജീവിക്കുന്നത് എന്ന് നിസംശയം പറയാം.

ഈ പ്രയോഗം ഗലാത്യർ 4:4 ലെ ലക്ഷ്യാർത്ഥം പോലെയുള്ളതാണ്: "എന്നാൽ കാല സമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനി ന്ന് ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴിൽ ജനിച്ചവനായി നിയോഗിച്ച യച്ചത്." ആ പ്രയോഗം "നിവർത്തീകരണകാലം" ആണ് പറയുന്നതെന്നാണ് ബ്രൂസ് അഭിപ്രായപ്പെട്ടത്. ക്രിസ്തു ലോകത്തിലേക്ക് വന്നപ്പോൾ "ആ സമയം പൂർണ്ണമായി" എന്നു ഓർപ്പിക്കുന്നതാണ്. "നിവർത്തീകരണ കാലത്ത് ക്രിസ്തു വന്നു എന്നല്ല, പിന്നെയോ അവന്റെ വരവാണ് നിവർത്തീകരണകാലമായി തീർന്നത്."[64]

ക്രിസ്തീയ കാലത്തിനു ശേഷം ഒരു ആയിരം ആണ്ട് വാഴ്ച്ചയില്ല എന്ന് ഈ പ്രയോഗം തീർത്തു പറയുന്നു. ക്രിസ്തുവിന്റെ വെളിപ്പെടുത്തലുകളാണ് മനുഷ്യർക്ക് ദൈവം നൽകിയ അവസാന സന്ദേശം., എല്ലാ കാലത്തേക്കു മായി, അന്ത്യ "നാളുകളിൽ" അവസാന **യാഗം** നൽകി (1:2). ക്രിസ്തു ഭൂമി യുടെ ചരിത്രത്തിൽ ആദ്യം വന്ന് ആവർത്തിച്ച് കഷ്ട ഏൽക്കുകയായിരുന്നില്ല; മറിച്ച് "ചരിത്രത്തിന്റെ മൂർദ്ധന്യാവസ്ഥയിലാണ്" അവൻ വന്നത് (എൻഇബി). എല്ലാ ആത്മികാവശ്യങ്ങളുടേയും യാഗത്തിന്റെ മൂർദ്ധന്യാവസ്ഥയായിരുന്നു

ക്രൂശ്.

ലോകം അത് വിശ്വസിച്ചാലും ഇല്ലെങ്കിലും, ക്രിസ്തുവിന്റെ വരവ് എല്ലാ ചരിത്രത്തിന്റെയും കേന്ദ്രബിന്ദു ആയിരുന്നു, കാരണം അവൻ തന്റെ രക്തം യാഗമായി സമർപ്പിച്ചു. അവസാന പ്രവൃത്തി യേശു തുടങ്ങിയത് ക്രൂശിലായിരുന്നു. വീണ്ടെടുക്കപ്പെടുന്നവരുടെ പാപങ്ങൾ എന്നേക്കുമായി **നീക്കം ചെയ്യുന്നതിന്** ആയിരുന്നു അവൻ വന്നത്. "നീക്കം ചെയ്യുക" എന്ന വാക്ക് ശക്തമായി അർത്ഥമാക്കുന്നത് "അസാധുവാക്കുക," അല്ലെങ്കിൽ പാപിയിൽ "ഇല്ലാതാക്കൽ" എന്നാണ്.[65] ജഡത്തിൽ പിതാവിന്റെ മഹത്വം വെളിപ്പെടുത്തുവാനായിരുന്നു യേശു പ്രത്യക്ഷനായത് (യോഹ. 1:14; 14:7–9; കൊലൊ. 2:9).

നാം അന്ത്യകാലത്തിലാണ് ജീവിക്കുന്നതെന്ന് നമുക്ക് ഉറപ്പിക്കാമെങ്കിലും, ക്രിസ്തുവിന്റെ മടങ്ങി വരവിന് ഏതാനും ദിവസങ്ങൾക്ക് മുൻപാണ് നാം ജീവിക്കുന്നതെന്ന് തിരുവെഴുത്ത് ഒരു ഉറപ്പും നൽകുന്നില്ല. യേശു ഭൂമിയിലായിരുന്നപ്പോൾ തന്റെ മടങ്ങി വരവ് എപ്പോഴാണെന്ന് അറിയാതിരിക്കെ (മത്താ. 24:36; മർ. 13:32), "കാലത്തിന്റെ അടയാളങ്ങൾ" നോക്കി അവന്റെ വരവ് നമ്മുടെ കാലയളവിൽ സംഭവിക്കുമെന്ന് നമുക്ക് അവകാശപ്പെടുവാൻ കഴിയുകയില്ല.

യേശു "പ്രത്യക്ഷനായത്" ആളുകൾ അവനെ കാണുന്നതിനും അറിയുന്നതിനുമായിരുന്നു (യോഹ. 1:14). ലോകത്തിന്റെ പാപത്തിനായി മരിക്കുവാൻ അവൻ ജഡ ശരീരത്തിൽ ആകണമായിരുന്നു (എബ്രാ. 2:14–17; 10:5–7).

**ഒരിക്കൽ മരണവും, പിന്നെ ന്യായവിധിയും (9:27, 28)**

**27ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ, 28ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും.**

**വാക്യം 27. നിയമിച്ചിരിക്കയാൽ** എന്ന വാക്ക്, *അപോകെയിമായി* എന്ന ഇതേ വാക്ക് തന്നെയാണ് ലൂക്കൊസ് 19:20 ൽ "കെട്ടി വച്ചിരിക്കുന്നു" എന്നതിന് ഉപയോഗിച്ചിരിക്കുന്നത് (ഏഎസ്ബി), അല്ലെങ്കിൽ "കുഴിച്ചിട്ടു" (കെജെവി). ആ വാക്ക് കൊലൊസ്യർ 1:5 ലും "സ്വർഗത്തിൽ *സംഗ്രഹിച്ചിരിക്കുന്ന* പ്രത്യാശ" യെ കുറിച്ച് പറയുവാൻ ഉപയോഗിച്ചിരിക്കുന്നു (എംഫസിസ് ആഡഡ്). രണ്ട് തിമൊഥെയൊസ് 4:8 പറയുന്നത് "... നീതിയുടെ കിരീടം എനിക്കകായി സൂക്ഷിച്ചിരിക്കുന്നു" എന്നാണ്. ഒരു നിയമനം നടത്തിയിരിക്കുന്നു; ചിലത് നമുക്കായി "കാത്തിരിക്കുന്നു" അല്ലെങ്കിൽ "സൂക്ഷിച്ചിരിക്കുന്നു," അത് ഒന്നുകിൽ നരകത്തിലുള്ള നിത്യശിക്ഷാവിധി അല്ലെങ്കിൽ സ്വർഗീയ മഹത്വം.

ഒരിക്കൽ മനുഷ്യൻ ജനിക്കുന്നു, ഒരിക്കൽ ജീവിക്കുന്നു, ഒരിക്കൽ മരിക്കുന്നു, പിന്നെ ഒരിക്കൽ **ന്യായവിധി** അഭിമുഖീകരിക്കുന്നു, അത് ക്രിസ്തു ഒരിക്കൽ അർപ്പിക്കപ്പെടുവാൻ പ്രത്യക്ഷനായതുപോലെ, വീണ്ടും ഒരിക്കൽ ന്യായവിധിക്കായി പ്രത്യക്ഷനാകുന്നതുപോലെയാണ് എന്നത്രെ ഇവിടെ ഊന്നി പറയുന്നത്. നാം ഓരോരുത്തരും മരിക്കുന്നതിന് ദൈവം ഓരോ നാഴിക വെച്ചിരിക്കുന്നു എന്നല്ല ലേഖകൻ ഇവിടെ പറയുന്നത്, മറിച്ച്, മരണം എല്ലാവർക്കും നിശ്ചയിച്ചിരിക്കുന്നു എന്നാണ്. പാപത്തിൽ ജീവിക്കുന്നവർക്കാണ് ന്യായവിധി

ഭീകരമാകുന്നത്.

**വാക്യം 28.** തന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപിനു ശേഷം **ക്രിസ്തു ഒരിക്കൽ** തന്റെ ശിഷ്യന്മാർക്ക് **പ്രത്യക്ഷ**[നായി], എന്നാൽ അവൻ ഒരിക്കൽകൂടെ പ്രത്യക്ഷനാകും. ക്രിസ്തുവിന്റെ രണ്ടാം വരവിനെ, അല്ലെങ്കിൽ പ്രത്യക്ഷതയെ കുറിച്ച് തിരുവെഴുത്തിൽ ഇവിടെ മാത്രമാണ് വ്യക്തമായി പ റഞ്ഞിരിക്കുന്നത്. തീർച്ചയായും അത് മറ്റു ഭാഗങ്ങളിൽ അന്തർലീനമാക്കി യിട്ടുണ്ട് (പ്രവൃ. 1:11). "എല്ലാവർക്കും ഒടുവിൽ ... പൗലൊസിന്" അവൻ പ്ര ത്യക്ഷനായി എന്ന ആശയം ഇതിനോട് യോജിക്കുന്നു (1 കൊ. 15:8) രണ്ടാ മത് അവൻ വരുന്നതിന് മുൻപ് മറ്റാർക്കും പ്രത്യക്ഷപ്പെടുകയുമില്ല. ക്രിസ്തു അടുത്ത സമയത്ത് പ്രത്യക്ഷനായി എന്ന് ആവർത്തിച്ച് ഊഹിച്ച് അവകാശ പ്പെടുന്നത് വ്യർത്ഥമാണെന്ന് ഇത് തെളിയുന്നു.

അവൻ അവസാനം രക്ഷിക്കുന്നത് ആരെയാണ്? **തനിക്കായി ക്ഷമ യോടെ കാത്തിരിക്കുന്നവരെ.**[66] ക്രിസ്തുവിന്റെ രണ്ടാം വരവിനായി നാം "ആകാംക്ഷയോടെ കാത്തിരിക്കണം" (2 പത്രൊ. 3:12; എഎസ്‌വി). നമ്മുടെ പ്രാർത്ഥനയിൽ "കർത്താവായ യേശുവേ, വേഗം വരേണമേ" എന്നതും ഉൾപ്പെടുത്തണം (വെളി. 22:20). ആത്മാർത്ഥമായി അങ്ങനെ പ്രാർത്ഥിക്കു വാൻ നമുക്ക് താൽപര്യം ആവശ്യമാണ്. ക്രിസ്തുവിന്റെ വരവിനായി നാം "ആകാംക്ഷയോടെ കാത്തിരിക്കണം" (വാ. 28). ബലഹീന വിശ്വാസ മുള്ളവർക്ക് അത് പ്രയാസമുള്ള കാര്യമാണ്. അങ്ങനെ വിഷമിക്കുന്ന വരോട് പത്രൊസ്, 2 പത്രൊസ് 1:6, 7 ൽ "ക്രിസ്തീയ മനോഗുണങ്ങൾ" കൂട്ടിച്ചേർക്കുവാനാണ് പറഞ്ഞത്. ക്രിസ്തീയ സ്വഭാവവിശേഷതകൾ വിക സിപ്പിക്കുവാൻ ഉൽസാഹമുള്ളവരോട് പത്രൊസ് പറഞ്ഞു, "... അങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറി പോകയില്ല" (2 പത്രൊ. 1:10). ദൈവ ത്തിൽ പൂർണ്ണമായി ആശ്രയിക്കുന്ന വിശ്വാസം ഒരാളിൽ വരുമ്പോൾ, അയാൾ "ദൈവ ദിവസത്തിന്റെ വരവിനായി കാത്തിരിക്കും" (2 പത്രൊ. 3:12). "ദൈവ ദിവസത്തിനായും, അത് വേഗത്തിൽ സംഭവിക്കുന്നതിനാ യും നിങ്ങൾ നോക്കിയിരിക്കുന്നു" എന്നാണ് എൻഐവി യിൽ.

യേശുവിന്റെ വീണ്ടും വരവിന്നായി നാം ആവേശത്തോടെയാണോ ഇരി ക്കുന്നത്? അവൻ വേഗത്തിൽ വരേണമെന്ന് നാം വാസ്തവത്തിൽ ആശി ക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ നമുക്ക് യോഹന്നാനോടൊപ്പം പ്രാ ർത്ഥിക്കാം, "ആമേൻ, കർത്താവായ യേശുവേ, വേഗം വരേണമേ" (വെളി. 22:20). അവന്റെ രണ്ടാം വരവിനോട് നമുക്ക് ഉണ്ടായിരിക്കേണ്ട മനോഭാവത്തെ കുറിച്ച് പൗലൊസ് ഒരു സൂചന നൽകിയിരിക്കുന്നു "നീതിയുടെ കിരീടം നീ തിമാനായ ന്യായാധിപതി, ആ ദിവസത്തേക്ക് എനിക്കായി കാത്തുവെച്ചിരി ക്കുന്നു, എനിക്ക് മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ ഉള്ളതാണ്" എന്നും പറഞ്ഞിരിക്കുന്നു (2 തിമൊ. 4:8). അവന്റെ ആദ്യ വരവും അതിന്റെ അർത്ഥവും ശരിയായി മനസിലാക്കിയാൽ, തീർച്ചയായും അവന്റെ മടങ്ങി വരവ് കാണുവാനായി കാത്തിരിക്കും.

സുവിശേഷവിവരണങ്ങൾ തള്ളിക്കളയുന്ന ഒരാൾ നിത്യജീവന് അയോ ഗ്യനാണെന്ന് സ്വയം കണക്കാക്കുകയാണ് (പ്രവൃ. 13:46). രക്ഷക്കുള്ള മാർഗ മായ സുവിശേഷത്തെ ഒരാൾ ത്യജിക്കുമ്പോൾ, അവനെ കുറ്റംവിധിക്കുവാനു ള്ള മാർഗം അയാൾ തന്നെ തിരഞ്ഞെടുത്തിരിക്കുകയാണ് (യോഹ. 12:48).

നമ്മുടെ പാപങ്ങൾ യേശു വഹിക്കുമെന്ന്, യെശയ്യാവ് 53:10-12 ൽ മുന്ന

റിയിച്ചിരുന്നു. **അവൻ അനേകരുടെ പാപങ്ങൾ വഹിപ്പാനാണ്** വന്നതെന്ന് എബ്രായ ലേഖകൻ പറഞ്ഞപ്പോൾ, അവന്റെ മനസിൽ യെശയ്യാവിലെ വേദ ഭാഗം ആയിരിക്കാം ഉണ്ടായിരുന്നത്. യെശയ്യാവ് എഴുതി, "അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും" (53:11). വാക്യം 28 ലെ അതേ പ്രസ്താവന LXX ലെ യെശയ്യാവ് 53:12 ൽ കാണാം. അതേ വിഷയത്തോടുകൂടെയാണ് യേശു വന്നിരിക്കുന്നതെന്ന് യോഹന്നാൻ സ്നാപകൻ മുന്നറിയിച്ച് പറഞ്ഞു, "ഇതാ ലോകത്തിന്റെ പാപം ചുമന്ന് ഒഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29). യോംകിപൂരിൽ മഹാപുരോഹിതൻ ദൈവാലയത്തിലെ അതിവിശുദ്ധസ്ഥലത്ത് നിന്നു പുറത്തു വരുന്നതിനായി യെഹൂദന്മാർ കാത്തിരുന്നു. അത് അവസാനം ക്രിസ്തു വരുവാനിരിക്കുന്നതിന്റെ നിഴൽ ആയിരിക്കാം അല്ലെങ്കിൽ അല്ലാതിരിക്കാം. ദൈവം അവന്റെ യാഗങ്ങൾ സ്വീകരിച്ചു എന്നതിന്റെ തെളിവായിരുന്നു അവന്റെ പുറത്തേക്കുള്ള വരവ്. എന്നാൽ യെഹൂദ ക്രിസ്ത്യാനികൾക്ക് അതിലെ സമാനത മനസിലാക്കുവാൻ കഴിഞ്ഞിരുന്നു.

യേശു "ഒരിക്കൽ എന്നേക്കുമായി" മരിച്ചു, നാമും മരിക്കും, ക്രിസ്തു ഒരിക്കൽ കൂടെ വരും. "ഒരിക്കൽ എന്നേക്കും" എന്ന ആശയം നമ്മുടെ നിത്യരക്ഷയെ ആണ് കാണിക്കുന്നത്.

## കൂടുതൽ പഠനത്തിന്:
## ക്രൂശിലെ കള്ളൻ

ക്രിസ്തുവിന്റെ അവസാന ഒസ്യത്തിനെ കുറിച്ച് ചിന്തിക്കാത്തവരാണ് ക്രൂശിലെ കള്ളൻ രക്ഷിക്കപ്പെട്ടതുപോലെ രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നത്. അവൻ മരിച്ച് ഉയർത്തെഴുന്നേറ്റ് ഭൂമി വിട്ടുപോകുന്നതിനു മുൻപ് പുതിയനിയമവുമായി ബന്ധപ്പെടുന്നതിനുള്ള നിബന്ധനകൾ നൽകിയിരുന്നു:

> യേശു അടുത്തു ചെന്നു സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു (മത്താ. 28:18–20).

> നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർ. 16:15, 16).

> ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേൽക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്കൊ. 24:46, 47).

അവന്റെ ഇഷ്ടം അങ്ങനെ നടപ്പാക്കുവാനായി പ്രവൃത്തികളുടെ പു

സ്തകത്തിൽ ഊന്നി പറഞ്ഞിരിക്കുന്നു.[67] പ്രവൃത്തികളുടെ പുസ്തകത്തിലെ ഉദാഹരണങ്ങൾ ശക്തമാണ്; ഓരോ പരിവർത്തനത്തിന്റെ വിശദാംശത്തിലും സ്നാനം പറഞ്ഞിരിക്കുന്നു. വിശ്വാസം എന്നത് എല്ലാ പരിവർത്തനത്തിലും പറഞ്ഞിട്ടില്ലെങ്കിലും, അത് ഒഴിച്ചുകൂടാനാവാത്തതാണെന്ന് നമുക്ക് അറിയാം, പ്രവൃത്തികളുടെ പുസ്തകതത്തിലുനീളം അത് അന്തർലീനമാക്കിയിരിക്കുകയാണ്. അതുപോലെ മാനസാന്തരവും എല്ലാ സംഭവങ്ങളിലും പറഞ്ഞിട്ടില്ല, പക്ഷെ അത് എല്ലാ സംഭവങ്ങളിലും അന്തർലീനമാണ്. വ്യക്തമായും, ആരംഭ പരിവർത്തകരെല്ലാം വെള്ളത്തിൽ മുങ്ങിയായിരുന്നു സ്നാനം ഏറ്റിരുന്നത് (പ്രവൃ. 8:36; 10:47). പ്രവൃത്തികൾ 16:33 ൽ കാരാഗൃഹ പ്രമാണി അവരെ "കൂട്ടിക്കൊണ്ടു പോകുകയും" സ്നാനം ഏൽക്കുകയും ചെയ്തു എന്നു പറഞ്ഞിരിക്കുന്നതിൽ, സ്നാനം മുങ്ങലായി അന്തർലീനമാക്കിയിരിക്കുന്നു സ്നാനത്തിന് മുങ്ങുവാനായി വെള്ളം ആവശ്യമില്ലായിരുന്നു എങ്കിൽ അത് തടവിൽ തന്നെ ചെയ്യാമായിരുന്നു നിങ്ങൾ നിങ്ങളുടെ കർത്താവിന്റെ ഇഷ്ടത്തിൽ ആശ്രയിക്കുമോ-അല്ലെങ്കിൽ സ്നാനം ആവശ്യമില്ല എന്ന് ആരെങ്കിലും നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ അതാണോ സ്വീകരിക്കുക?

യേശു ഭൂമിയിൽ ആയിരുന്നപ്പോൾ, ആരെയും എങ്ങനെയും അവനു രക്ഷിക്കുവാൻ കഴിയുമായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയുടെ പാപങ്ങൾ അവൻ മോചിച്ചുകൊടുത്തു (യോഹ. 8:1-11). ഒരു പക്ഷവാത രോഗിയെ സൗഖ്യമാക്കുന്നതിനുമുൻപ് തന്നെ അവനിൽ നിന്നും ഒന്നും ആവശ്യപ്പെടാതെ യേശു അവന്റെ പാപങ്ങൾ മോചിച്ചുകൊടുത്തു (മർ. 2:5). എങ്ങനെയായാലും, ക്രൂശിനു മുൻപ് ആളുകൾ രക്ഷിക്കപ്പെട്ടത്, യേശുവിന്റെ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് ആയിരുന്നു. അവന്റെ രക്തത്താൽ അവൻ പുതിയനിയമത്തെ അതിന്റെ നിബന്ധനകളോടുകൂടി പ്രാബല്യത്തിൽ ആക്കി (മത്താ. 26:28). അതുപോലെ ഞാൻ ജീവിച്ചിരിക്കുമ്പോൾ, എനിക്കുള്ളത് ഒരു നിബന്ധനയുമില്ലാതെ ആർക്കും എങ്ങനെയും നൽകാം. എന്റെ മരണശേഷം എന്റേത് ആർക്കെങ്കിലും ലഭിക്കണമെങ്കിൽ, എന്റെ ഒസ്യത്തിൽ പറഞ്ഞതായ നിബന്ധനകൾ എല്ലാം അനുസരിക്കണം. ക്രിസ്തുവിന്റെ നിയമവും അതുപോലെയാണ്: അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ, അവന്റെ ദൈവികമായ അധികാരം ഉപയോഗിച്ച് ആളുകളുടെ പാപങ്ങൾ മോചിച്ചുകൊടുക്കുവാൻ അവന് കഴിഞ്ഞിരുന്നു (അവരുടെ വിശ്വാസം അവന് കാണുവാൻ കഴിഞ്ഞിരുന്നു). ഇന്ന് അവന്റെ നിയമത്തിന് ഒഴികഴിവ് വരുത്തി ആരോടും യേശു നേരിട്ടു സംസാരിക്കുന്നില്ല.

ക്രൂശിലെ കള്ളൻ അതിനു മുൻപ് സ്നാനം ഏറ്റിരുന്നോ എന്നത് പ്രസക്തമല്ല. അവൻ ഒരുപക്ഷെ യോഹന്നാന്റെ സ്നാനം ഏറ്റിരിക്കുവാൻ സാധ്യതയുണ്ട് (മത്താ. 3:4-6), അല്ലെങ്കിൽ, അവൻ യേശുവിന്റെ സ്നാനം അവന്റെ ശിഷ്യന്മാർ മുഖാന്തരം ഏറ്റിരിക്കാം (യോഹ. 4:1, 2). എങ്കിലും, അവൻ ക്രിസ്തു ക്രൂശിൽ മരിക്കുന്നതിനു മുൻപായിരുന്നു ജീവിച്ചിരുന്നത്- ആ സമയത്ത് നമ്മുടെ രക്ഷകനും നിയമ കർത്താവും ജീവിച്ചിരുന്നു. അവൻ യേശുവിനോടുകൂടെ പറുദീസയിൽ ഇരിക്കും എന്ന വാഗ്ദാനമായിരുന്നു യേശു ആ കള്ളന് നൽകിയത് (ലൂക്കൊ. 23:39-43), ആ അറിയിപ്പ് ലഭിച്ചപ്പോൾ തന്നെ അവൻ രക്ഷിക്കപ്പെട്ടതായി അന്തർലീനമാക്കിയിരിക്കുന്നു.

ആ കള്ളൻ മുൻപ് പരിവർത്തനം ചെയ്തിരുന്ന ആളായിരുന്നെങ്കിൽ, പിന്മാറി പോയ വ്യക്തിയായിരിക്കാം, അങ്ങനെയെങ്കിൽ, യേശു അത് പ

റഞ്ഞപ്പോൾ തന്നെ അവൻ യഥാസ്ഥാനപ്പെട്ടു. മറ്റുള്ളവരേക്കാൾ കൂടുതൽ വിശ്വാസം പ്രകടിപ്പിച്ചയാളും കരഞ്ഞുകൊണ്ട് നിന്ന ഏതാനും സ്ത്രീകളും ഒരുപക്ഷെ ക്രൂശിനു ചുറ്റും നിന്നിരിക്കാം (ലൂക്കൊ. 23:27–31, 48, 49). യേശു പറഞ്ഞത് സത്യമാണെന്ന് ആ കള്ളൻ വിശ്വസിച്ചിരിക്കാം. യേശുവിന് ഒരു രാജ്യമുണ്ടെന്നും, അവൻ ആ രാജ്യത്തിന്റെ രാജാവ് ആണെന്നും അവൻ വിശ്വസിച്ചു! അവൻ ആ സത്യം എങ്ങനെ പഠിച്ചു? രക്ഷകൻ പ്രസംഗിച്ചത് അവൻ കേട്ടിരുന്നു? യിസ്രായേലിന്റെ മശിഹയായി "വരുന്നവൻ" ഇവൻ തന്നെ എന്ന് യോഹന്നാൻ പ്രസംഗിച്ചത് അവൻ കേട്ടിരുന്നോ (യോഹ. 1:29)? അതിന് സാധ്യതയുണ്ട്. യേശുവിനെ അവൻ മശിഹയായി അംഗീകരിച്ചിരുന്നു എങ്കിൽ, പിന്നീട് തീർച്ചയായും അവൻ റോമിനെതിരെ മൽസരിക്കുമായിരുന്നു. എന്തു സംഭവിച്ചു എന്നു നമുക്ക് അറിയില്ല, എന്നാൽ അതല്ല ഇവിടത്തെ വാസ്തവത്തിലുള്ള ചോദ്യം. "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം "എന്നതാണ് പ്രധാന ചോദ്യം. അല്ലാതെ" ക്രൂശിലെ കള്ളൻ എന്തു ചെയ്തില്ല? എന്നതല്ല.

നമുക്ക് ദൈവത്തോട് വില പേശുവാനോ അല്ലെങ്കിൽ അവന്റെ ഇഷ്ടമായി (പുതിയ നിയമം) വെളിപ്പെടുത്തിയിരിക്കുന്ന നിലവാരത്തിന് മാറ്റം വരുത്തുവാനോ കഴിയുകയില്ല. അങ്ങനെ ചെയ്താൽ അവന്റെ സന്ദേശത്തിന്റെ മൂല്യം കുറയും. ഒന്നുകിൽ അവന്റെ നിയമത്തെ അനുകൂലിച്ച് അനുസരിക്കുക അല്ലെങ്കിൽ, അവയെ തള്ളിക്കളയുക. അവന്റെ കൽപനകളെ അവഗണിക്കുന്നതോ അല്ലെങ്കിൽ അവന്റെ നിയമങ്ങൾ അനുസരിക്കാതെ രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്നതോ വിഡ്ഢിത്തമാണ്.

## കൂടുതൽ പഠനത്തിന്:
## "ഉടമ്പടി"

"ഉടമ്പടി" (*ഡയാതെകെ*) എന്നത് എബ്രായ ലേഖനത്തിലെ പ്രധാനപ്പെട്ട വാക്കാണ് ആ ഗ്രീക്ക് വാക്കിന്റെ വിവിധ രൂപങ്ങളായി ലേഖനത്തിൽ പതിനേഴ് പ്രാവശ്യം കാണാം.[68] ആ വാക്കുകൾ *ഡയാറ്റിതെമി* എന്ന വാക്കിൽനിന്നു വന്നതാണ്. *ഡയാ* അർത്ഥം "രണ്ട്," എന്നും *റ്റിതെമി* എന്നതിൻെറ അർത്ഥം "വെക്കുക" എന്നുമാണ്. രണ്ട് വാക്കുകളും ചെർന്നുള്ള അർത്ഥം, "രണ്ടിനും ഇടക്ക് വെക്കുക" എന്നാണ്.[69] നിയമം ലംഘിക്കുന്നവനെ രണ്ടായി ഛേദിച്ചുകളയും എന്ന് കാണിക്കുന്നതിന് പഴയനിയമത്തിൻ കീഴിലുള്ളവരെ അറുക്കപ്പെട്ട മൃഗത്തിന്റെ ഭാഗങ്ങൾക്കിടയിൽകൂടി കടത്തി വിടുന്നതിനെ ആണ് ഇത് ഓർപ്പിക്കുന്നത്.[70] (ഉല്. 15:17; യിരെ. 34:18).

മറ്റൊരു ഗ്രീക്ക് വാക്ക്, *സുന്തെകെ* തർജ്ജമ ചെയ്യാവുന്നത് "ഉടമ്പടി" എന്നാണ്, എന്നാൽ ആ വാക്ക് പുതിയ നിയമത്തിൽ കാണുന്നില്ല. ക്ലാസിക്കൽ ഗ്രീക്ക് പുസ്കങ്ങളിൽ രണ്ട് കക്ഷികൾക്കിടയിൽ ഉണ്ടാക്കുന്ന കരാറിന് ഉപയോഗിച്ചിരുന്ന വാക്കാണ് *സുന്തെകെ*. സാധാരണ അത്തരം ഉടമ്പടി ചെയ്തിരുന്നത് തുല്യരായ രണ്ട് കക്ഷികൾ തമ്മിലായിരുന്നു, എന്നാൽ ദൈവവുമായുള്ള ഉടമ്പടി അങ്ങനെയല്ല.

പകരം, LXX തർജ്ജമ ചെയ്തിരിക്കുന്നത് *ഡയാതെകേറ്റർ,* എബ്രായ ഭാഷയിൽ, *ബ്രെയിത്* എന്നാണ് തിരുവെഴുത്തുകളിലെല്ലാം, ("ഉടമ്പടി'ക്ക്') ഉല്. 6:18 മുതൽ. "തികഞ്ഞ അധികാരമുള്ള ഒരു കക്ഷി ഒരു ഭാഗത്ത്, മറുഭാഗത്തുള്ള കക്ഷിക്ക് അത് സ്വീകരിക്കുവാനോ തിരസ്ക്കരിക്കുവാനോ കഴിയും, പക്ഷെ അതിന് മാറ്റം വരുത്തുവാൻ കഴിയുകയില്ല" എന്നാണ് ആ വാക്ക് പ

റയുന്നത്.[71] ഇവിടെ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് "നിയമം" എന്നതിന്റെ പര്യായമായിട്ടാണ് (ആവ. 29:21; സങ്കീ. 78:10; ഹോശെ. 8:1). ഈ രീതിയിലുള്ള ഉടമ്പടി താഴ്ന്നയാളുടെ ഗുണത്തിനു വേണ്ടി, ഉയർന്ന ആൾ ചെയ്യുന്നതാണ്, അത്തരം ഉടമ്പടിയായിരുന്നു യിസ്രായേലുമായി ദൈവം സിനായ് പർവ്വതത്തിൽ വെച്ച് ചെയ്ത ഉടമ്പടി (പുറ. 24:6–8 നോക്കുക). അതായിരുന്നു 8:8–12. ൽ ലേഖകന്റെ മനസിൽ.

*ഡയാതെകെ* എന്നത് "ഉടമ്പടി" എന്നും "നിയമം" അഥവാ "ഒസ്യത്ത്" എന്നും തർജ്ജമ ചെയ്യാം. കെജെവി യിൽ, എബ്രായർ 9:16, 17 ൽ "നിയമം" എന്നാണ്, എന്നാൽ എൻഐവി യിൽ "ഒസ്യത്ത്" എന്നാണ്. "ഒരു ഒസ്യത്ത് അതിൽ തികവുള്ളതാണ്. നിയമകർത്താവിനോട് ഒരാൾക്ക് വിലപേശുവാൻ സാധ്യമല്ല. അതുപോലെ മനുഷ്യർക്ക് ദൈവത്തോട് വിലപേശുവാൻ കഴിയുകയില്ല. ദൈവം അതിൽ നിബന്ധനകൾ വെച്ചു കഴിഞ്ഞു."[72]

ഒരു "ഒസ്യത്ത് " നിയമമായി പ്രാബല്യത്തിൽ വരണമെങ്കിൽ അതുണ്ടാക്കിയ ആൾ മരിക്കണം. മരണം ദൈവത്തിന് ബാധകമല്ലാത്തതിനാൽ, മിക്ക സന്ദർഭങ്ങളിലും ഡയാതെകെ "ഉടമ്പടി" എന്ന് തർജ്ജമ ചെയ്യുന്നതായിരിക്കും ഉത്തമം. എങ്ങനെയായാലും ആ രണ്ട് ആശയങ്ങളും 9:16, 17 ൽ കാണാം, കാരണം പുതിയ ഉടമ്പടി ക്രിസ്തുവിന്റെ രക്തത്താലാണ് മുദ്ര വെച്ചത്. അവന്റെ നിയമമാണ് നമുക്ക് വേണ്ടി പുതിയ നിയമത്തിൽ എഴുതിയിരിക്കുന്നത്.

## പ്രായോഗികത

### മേശയും അതിന്മേലുള്ള അപ്പവും (9:1, 2)

യെഹൂദ പുരോഹിതന്മാർ ഓരോ ശബ്ബത്തു നാളിലും സന്നിധിയിലെ അപ്പം ഭക്ഷിച്ചിരുന്നു. അത് സഭ ആഴ്ച്ചതോറും പങ്കെടുക്കുന്ന കർത്തൃമേശയുടെ ഒരു നിഴൽ ആയിരുന്നോ? ഒന്നാം–നൂറ്റാണ്ടിലെയും രണാം നൂറ്റാണ്ടിലേയും സഭ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശ ആചരിച്ചിരുന്നു എന്ന് തിരുവെഴുത്തിൽനിന്ന് നമുക്ക് മനസിലാക്കാം. "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ അവർ ... അപ്പം നുറുക്കുവാൻ കൂടി വന്നു" (പ്രവൃ. 20:7). ആ അവസരത്തിനായി പൗലൊസ് യെരുശലേമിലേക്ക് വേഗം പോകേണ്ടതായിരുന്നു എങ്കിലും, ത്രോവാസിൽ ഏഴ് ദിവസം കാത്തിരുന്നു (20:6, 16). അവൻ എന്തിനാണ് ഏഴ് ദിവസം കാത്തിരുന്നത്? കാരണം സഭ കൂടി വരുന്നതും പാപമോചനത്തിനായി മരിച്ച് രക്തം ചിന്തിയ കർത്താവിനെ ഓർക്കേണ്ടതും ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലാണെന്ന് അവന് അറിയാമായിരുന്നു (മത്താ. 26:28). കർത്താവ് തന്നെയായിരുന്നു അത് ആചരിക്കുവാൻ നിർദ്ദേശിച്ചത് (1 കൊ. 11:23–25). കർത്താവ് വീണ്ടും വരുന്നതുവരെ സഭ കർത്താവിന്റെ ഓർമ്മക്കായി ഇത് ചെയ്യണം (11:26), അവൻ വന്നു കഴിഞ്ഞാൽ പിന്നെ അതിന്റെ ആവശ്യമില്ല. ക്രിസ്ത്യാനിത്വത്തിന്റെ ഏറ്റവും മഹത്തായ ദിവസം ആചരിക്കേണ്ടത് അനിവാര്യമാണ്–കർത്താവ് മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റ ദിവസം. അവന്റെ യാഗത്തെയും (കഴിഞ്ഞ) അവൻ (ഭാവിയിൽ) വീണ്ടും വരുന്നതിനേയും നിരന്തരമായി ഓർക്കുന്നതാണ് കർത്തൃമേശ. നിത്യതയുടെ കാര്യങ്ങളെ ശ്രദ്ധിക്കുന്ന ഓരോ ക്രിസ്ത്യാനിയും ഇത് ചെയ്യേണ്ടത് ആവശ്യമാണ്.

1 കൊരിന്ത്യർ 11:20 ൽ, പൗലൊസ് പറഞ്ഞു, "... നിങ്ങൾ കൂടി വരുമ്പോൾ, കർത്താവിന്റെ അത്താഴം അല്ല കഴിക്കുന്നത്."[73] ആ ക്രിസ്ത്യാനികൾ കൂടി

വന്നത് കർത്തൃമേശ ആചരിക്കുന്നതിനായിരുന്നു, അവർ വിഭജിക്കപ്പെട്ട അവസ്ഥയിൽ ശരിയായി കർത്തൃമേശ ആചരിക്കുവാൻ അവർക്ക് കഴിഞ്ഞി ല്ല. അതിൽ നിന്നു കുറഞ്ഞ രീതിയിൽ അതിനെ കൈകാര്യം ചെയ്യുന്നത് ദൈവത്തിന് പ്രസാദകരമാണോ എന്നു ചിന്തിക്കുക, നാം പുതിയ നിയമ സഭ പുനരേകീകരിക്കുന്നവരായതുകൊണ്ട്, കർത്തൃമേശ ശരിയായി തന്നെ ആചരിക്കേണ്ടവരല്ലേ?

**തിരശീലക്ക് പിന്നിലുള്ള പൊതുജനങ്ങൾ (9:3)**

തിരശീലക്ക് പിന്നിൽ പുകയിൽ മറഞ്ഞിരുന്നായിരുന്നു മഹാപുരോഹി തന്റെ പ്രവൃത്തികൾ. എന്നാൽ യേശു പരസ്യമായി കാണത്തക്കവണ്ണമായി രുന്നു ക്രൂശിക്കപ്പെട്ടത്. എല്ലാവർക്കും മനസിലാകത്തക്കവിധത്തിൽ അവനി ൽ ചുമത്തിയ ആരോപണം മൂന്നു ഭാഷകളിൽ എഴുതപ്പെട്ടിരുന്നു. അവനെ ആളുകൾ പരസ്യമായി പരിഹസിച്ചു. നമ്മുടെയും പ്രതികരണം പരസ്യമായി രിക്കണമെന്നല്ലേ ഇതു തെളിയിക്കുന്നത്? ജെയിംസ് റ്റി. ട്രാപർ, ജൂനിയർ., അങ്ങനെയാണ് വിചാരിച്ചത്:

> നമ്മുടെ ദൈവത്തോടുള്ള സമർപ്പണം പരസ്യമായിരിക്കണമെന്ന് നമ്മെ അത് ഓർപ്പിക്കുന്നു ... ആളുകൾ പരസ്യമായി സ്നാനം ഏൽക്കുമ്പോൾ, തങ്ങളുടെ ഹൃദയം ദൈവത്തിനായി സമർപ്പിക്കപ്പെട്ടു എന്നതിൻെറ ഒരു മുൻ നിഴലായിരുന്നു ലേവ്യാ വ്യവസ്ഥ.[74]

യേശു യാഗമർപ്പിച്ചത് പരസ്യമായിട്ടായിരുന്നതിനാൽ, നാം അവനാൽ രക്ഷിക്കപ്പെടുവാൻ, അവനിലുള്ള വിശ്വാസം നാം പരസ്യമായി സമ്മതിക്കണം (1 തിമൊ. 6:12-14; റോമ. 10:9, 10).

**കൽപലകകളും മന്നയും (9:4)**

മരുഭൂമിയിൽ വെച്ച് ദൈവം തന്റെ ജനത്തെ കരുതി എന്ന് കാണിക്കുന്ന തായിരുന്നു മന്നയുടെ ശേഷിപ്പ് സൂക്ഷിച്ച പാത്രവും, പത്തു കൽപനകൾ എഴുതിയ കൽപലകകളും. ഇന്ന് നമ്മോടുള്ള അവന്റെ സ്നേഹവും കരുതലും അതിനേക്കാൾ എത്രയോ മടങ്ങ് വലുതാണ്; നമുക്ക് ലഭിച്ച ക്രിസ്തുവിന്റെ മരണം, പഴയനിയമത്തിലെ എല്ലാ ഭൗതികമായ അനുഗ്രഹങ്ങളേക്കാളും ഉയ രത്തിൽ നിൽക്കുന്നതാണ്. "കർത്താവായ യേശു നമുക്കായി മരിച്ചതിനാൽ" "നമ്മെയും അവൻ ദൈവത്തിലേക്ക് ഉയർത്തി" (റോമ. 5:11).

**സമാഗമനത്തിന്റെ പ്രത്യേകത (9:6, 7)**

തീർച്ചയായും ഓരോ ക്രിസ്ത്യാനിയും ദൈവത്തോട് അടുക്കുവാൻ ആഗ്ര ഹിക്കണം. അതെങ്ങനെ ചെയ്യണമെന്ന് നമുക്ക് അറിയില്ല, പഴയനിയമത്തിൽ അതിലെ നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും നിമിത്തം അവർക്ക് അതിനു കഴിഞ്ഞില്ല. വളരെ കുറച്ചുപേർക്ക് മാത്രമെ ദൈവത്തോട് ഏറ്റവും അടുത്തു ചെല്ലുവാൻ കഴിഞ്ഞുള്ളു, വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ പുരോഹിത ന്മാർക്ക് മാത്രമെ കഴിഞ്ഞുള്ളു. ആളുകൾ പാപികളും ദോഷികളുമാണെന്ന് ഇത് വ്യക്തമാക്കുന്നു. മഹാപുരോഹിതൻ പോലും പാപിയായിരുന്നു; അവന് ആണ്ടിലൊരിക്കൽ അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കണമെങ്കിൽ, അവന്റെ

പാപങ്ങൾക്ക് (ആലങ്കാരികമായി) പ്രായശ്ചിത്തം കഴിക്കണമായിരുന്നു. അവരുടെ പാപങ്ങളുടെ ഭീകരത്വം നിമിത്തം അവർക്ക് ദൈവത്തോട് അടുക്കുവാൻ കഴിയാതെ ദൈവത്തിൽനിന്നും അവരെ അകറ്റി നിർത്തിയിരുന്നു.

പഴയ നിയമത്തിൻ കീഴിലെ ആരാധന മതിയായതായിരുന്നില്ല എന്നതാണ് അത് തെളിയിക്കുന്നത്. എന്നാൽ പുതിയ നിയമത്തിൽ പുരോഹിതന്മാരും സാധാരണ ജനങ്ങളും എന്ന വ്യത്യാസം നീക്കി കളഞ്ഞുപരസ്യാരാധന നയിക്കുവാൻ പുരുഷന്മാരായ എല്ലാ ക്രിസ്ത്യാനികൾക്കും കഴിയും. സ്ത്രീകൾക്ക് നായകത്വ പങ്ക് ഇല്ലെങ്കിലും, അവർക്ക് ആരാധനയിൽ തുല്യമായി പങ്ക് ചേരാം (1 തിമൊ. 2:8–15 നോക്കുക). സഭയിൽ വ്യത്യസ്ത ശുശ്രൂഷകൾക്കുള്ള അവസരമുണ്ട്–ഉദാഹരണമായി മൂപ്പന്മാർ, ശുശ്രൂഷകന്മാർ, സുവിശേഷകന്മാർ എന്നിവരുടേതാണ്, എന്നാൽ അവർക്ക് ആർക്കും ദൈവത്തിനും നമുക്കും ഇടക്ക് നിൽക്കുവാൻ സാധ്യമല്ല. ചിലർ മുഴുവൻ–സമയ സുവിശേഷകരാണ്, അവരുടെ ജോലി ഉപദേശവും പ്രസംഗവുമാണ്. എന്നാൽ ഇത് മറ്റുള്ളവരെ പ്രസംഗിക്കുന്നതിൽനിന്നും ഉപദേശിക്കുന്നതിൽനിന്നും മാറ്റി നിർത്തുന്നില്ല. ഓരോ ക്രിസ്ത്യാനിക്കും പാട്ട് പാടുവാനും, പ്രാർത്ഥിക്കുവാനും, കർത്തൃമേശയിൽ പങ്കെടുക്കുവാനും, ആരാധിക്കുവാനും കഴിയും.

**വിശുദ്ധ സ്ഥലത്തേക്കുള്ള വഴി (9:8)**

